# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുരിയാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി8)-1241/2021
തിയ്യതി.16.12.2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 17/02/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുരിയാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി8)-1241/2021 തീയ്യതി: 17/02/2022
തിയ്യതി.16.12.2021

## തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2019 മുതൽ 17-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2021 | 17-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-08-2021 | 17-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബിത ടി എസ്,ഓഡിറ്റ് ഓഫീസർ
സിജു പി ഡാംസൺ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിൽകുമാർ കെ സി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ധന്യ എ സുരേന്ദ്രൻ, ഓഡിറ്റർ
സിജോ തോമസ്,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സരിത സുരേഷ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |

| | | | |
|---|---|---|---|
| ജോസ് ജെ ചിറ്റിലപ്പിള്ളി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| പ്രജീഷ് പി | സെക്രട്ടറി | 01-04-2020 | 07-03-2021 |
| അമ്പിളി എസ് ആനന്ദ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-03-2021 | 20-03-2021 |
| പ്രസാദ് പി ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാധിക കെ ഒ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| നില്ലൂഫർ എം ഭാനു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 17-02-2021 |
| ഉഷ കെ കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 18-02-2021 | 31-03-2021 |
| ഡോ ഷീജ സി യു | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ ദീപ ടി ബി | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2020 | 31-03-2021 |
| ഡോ സിനി രമ്യ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-01-2021 |
| ഡോ വിജോയ് ജോസഫ് സി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 31-01-2021 | 31-03-2021 |
| ഡോ പ്രദീപ് സി എ | വെറ്ററിനറി സർജൻ | 01-04-2020 | 30-09-2020 |
| ഡോ ടിസ്റ്റൺ പിൻഹിറോ | വെറ്ററിനറി സർജൻ | 01-10-2020 | 31-03-2021 |
| ശ്രീകല ടി എസ് | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| സിനി എൻ കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 04-06-2020 |
| രാഖി ബാബു | ഐ സി ഡി എസ് സൂപ്പർവൈസർ | 04-06-2020 | 31-03-2021 |
| കൃഷ്ണകുമാർ എം സി | വി ഇ ഒ പുല്ലൂർ സർക്കിൾ | 01-04-2020 | 31-03-2021 |
| അൽജോ സി ചെറിയാൻ | വി ഇ ഒ മുരിയാട് സർക്കിൾ | 01-04-2020 | 22-09-2020 |
| കൃഷ്ണകുമാർ എം സി | വി ഇ ഒ മുരിയാട് സർക്കിൾ ചാർജ്ജ് | 23-09-2020 | 23-11-2020 |
| ബാബു ഇ എസ് | വി ഇ ഒ മുരിയാട് സർക്കിൾ | 24-11-2020 | 31-03-2021 |
| അനില ടി | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശാലിനി എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 07-04-2020 |
| സുരേഷ്കുമാർ കെ എൻ | അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ് | 07-04-2020 | 17-04-2020 |
| രാജേന്ദ്രൻ | അസിസ്റ്റന്റ് സെക്രട്ടറി | 18-04-2020 | 24-04-2020 |

| | | | |
|---|---|---|---|
| സുരേഷ്കുമാർ.കെ.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 25-04-2020 | 11-05-2020 |
| സ്മിത ഭാസ്കർ | അസിസ്റ്റന്റ് സെക്രട്ടറി | 11-05-2020 | 01-03-2021 |
| അമ്പിളി എസ് ആനന്ദ് | അസിസ്റ്റന്റ് സെക്രട്ടറി | 01-03-2021 | 20-03-2021 |
| മനോജ് ടി ജെ | അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ് | 21-03-2021 | 31-03-2021 |
| ദീപ എം | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 01-11-2020 |
| ലിസി പി ഡി | ഫിഷറീസ് ഇൻസ്പെക്ടർ | 02-11-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Bita.T.S (Audit Officer (HG), On 17-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Siju P. Damson (Asst. Audit Officer, On 23-08-2021)<br>Last Updated By: Dhanya.A (Auditor, On 24-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Siju P. Damson (Asst. Audit Officer, On 23-08-2021)<br>Last Updated By: Dhanya.A (Auditor, On 24-08-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Bita.T.S (Audit Officer (HG), On 25-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Bita.T.S (Audit Officer (HG), On 25-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 25-08-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Bita.T.S (Audit Officer (HG), On 22-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ<br>Written By: Siju P. Damson (Asst. Audit Officer, On 25-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Sijo Thomas (Auditor, On 25-08-2021)<br>Last Updated By: Sijo Thomas (Auditor, On 25-08-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Bita.T.S (Audit Officer (HG), On 25-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 25-08-2021) | 1-9 |
| 10 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Siju P. Damson (Asst. Audit Officer, On 23-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 23-08-2021) | 1-10 |
| 11 | വാർഷികകണക്കുകൾ- സമർപ്പിക്കാത്ത പത്രികകൾ<br>Written By: Siju P. Damson (Asst. Audit Officer, On 05-08-2021)<br>Last Updated By: K.Shaji (Joint Director, On 16-02-2022) | 1-11 |
| 12 | വസ്തു നികുതി (റെസിഡൻഷ്യൽ- തൻവർഷം)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 05-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 05-08-2021) | 1-12 |
| 13 | വസ്തു നികുതി (നോൺ റെസിഡൻഷ്യൽ- തൻവർഷം)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 05-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 05-08-2021) | 1-13 |
| 14 | വസ്തു നികുതി (റെസിഡൻഷ്യൽ (കുടിശ്ശിക))-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 05-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 05-08-2021) | 1-14 |
| 15 | വസ്തു നികുതി (നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 05-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 05-08-2021) | 1-15 |
| 16 | ലൈബ്രറി സെസ്സ്-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 05-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 05-08-2021) | 1-16 |
| 17 | വസ്തു നികുതി മുൻകൂർ- വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 05-08-2021) | 1-17 |

| | | |
|---|---|---|
| | Last Updated By: K.Shaji (Joint Director, On 16-02-2022) | |
| 18 | വസ്തു നികുതി-കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല.<br>Written By: Siju P. Damson (Asst. Audit Officer, On 05-08-2021)<br>Last Updated By: K.Shaji (Joint Director, On 16-02-2022) | 1-18 |
| 19 | വരവിനങ്ങൾ-രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 05-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 22-08-2021) | 1-19 |
| 20 | വരുമാനങ്ങളുടെ മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 05-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 05-08-2021) | 1-20 |
| 21 | കിട്ടാനുള്ള തുക-സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല<br>Written By: Siju P. Damson (Asst. Audit Officer, On 05-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 05-08-2021) | 1-21 |
| 22 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 05-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 05-08-2021) | 1-22 |
| 23 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 05-08-2021)<br>Last Updated By: K.Shaji (Joint Director, On 16-02-2022) | 1-23 |
| 24 | തൊഴിലുറപ്പ്പദ്ധതി- വരവ് ചെലവ് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 05-08-2021)<br>Last Updated By: K.Shaji (Joint Director, On 16-02-2022) | 1-24 |
| 25 | പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ -തത്തുല്യമായ ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പ് ഇല്ല- അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 05-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-25 |
| 26 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റുകൾ- ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പിന് തത്തുല്യമായ ബാധ്യത ശീർഷകം ഇല്ല<br>Written By: Siju P. Damson (Asst. Audit Officer, On 05-08-2021)<br>Last Updated By: K.Shaji (Joint Director, On 16-02-2022) | 1-26 |
| 27 | ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ-തത്തുല്യമായ തുക " Capital Contribution”ശീർഷകത്തിലേക്ക് മാറ്റിയില്ല<br>Written By: Siju P. Damson (Asst. Audit Officer, On 05-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 05-08-2021) | 1-27 |
| 28 | ചെക്ക് നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും തുക ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല-1242 രൂപ<br>Written By: Siju P. Damson (Asst. Audit Officer, On 05-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 05-08-2021) | 1-28 |
| 29 | വായ്പ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 05-08-2021)<br>Last Updated By: Sijo Thomas (Auditor, On 05-08-2021) | 1-29 |
| 30 | ഇൻവെസ്റ്റ്മെന്റുകൾ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Sijo Thomas (Auditor, On 05-08-2021)<br>Last Updated By: K.Shaji (Joint Director, On 16-02-2022) | 1-30 |
| 31 | ജേണൽ ബുക്ക്-വൌച്ചറുകൾ ഇല്ലാതെ രേഖപ്പെടുത്തലുകൾ നടത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 06-08-2021)<br>Last Updated By: K.Shaji (Joint Director, On 16-02-2022) | 1-31 |
| 32 | ജേണൽ വൗച്ചർ- രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതുന്നു, വരുമാനമായി ക്രമീകരിക്കുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 06-08-2021)<br>Last Updated By: K.Shaji (Joint Director, On 16-02-2022) | 1-32 |
| 33 | ഡിപ്രിയിസേഷൻ- രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 06-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 06-08-2021) | 1-33 |
| 34 | ലാപ്സായ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. | 1-34 |

| | | |
|---|---|---|
| | Written By: Siju P. Damson (Asst. Audit Officer, On 06-08-2021)<br>Last Updated By: K.Shaji (Joint Director, On 16-02-2022) | |
| 35 | തൊഴിൽ നികുതി അപാകതകൾ<br>Written By: Sijo Thomas (Auditor, On 22-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-35 |
| 36 | തൊഴിൽ നികുതി - ജീവനക്കാരിൽ നിന്നും ഈടാക്കിയിട്ടില്ല<br>Written By: Sijo Thomas (Auditor, On 22-08-2021)<br>Last Updated By: Sijo Thomas (Auditor, On 22-08-2021) | 1-36 |
| 37 | വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ<br>Written By: Sijo Thomas (Auditor, On 22-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-37 |
| 38 | ലേലം-രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Dhanya.A (Auditor, On 23-08-2021)<br>Last Updated By: K.Shaji (Joint Director, On 16-02-2022) | 1-38 |
| 39 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്-9 ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല- 219705 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 29-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-39 |
| 40 | എസ് എസ് കെയ്ക്ക് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 621100 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Dhanya.A (Auditor, On 23-08-2021)<br>Last Updated By: Dhanya.A (Auditor, On 29-08-2021) | 1-40 |
| 41 | കെൽട്രോണിൽ നിന്നും ഇൻവോയ്സ് ഹാജരാക്കുന്നതുവരെ 40469 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 29-08-2021)<br>Last Updated By: K.Shaji (Joint Director, On 16-02-2022) | 1-41 |
| 42 | ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല-200000 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 29-08-2021)<br>Last Updated By: K.Shaji (Joint Director, On 16-02-2022) | 1-42 |
| 43 | കെൽട്രോണിൽ നിന്നും ഇൻവോയ്സ് ഹാജരാക്കുന്നതുവരെ 56914 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 29-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-08-2021) | 1-43 |
| 44 | മരുന്നുകൾ ലഭിച്ചിട്ടില്ല. 580181/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 29-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-44 |
| 45 | ഭവനപദ്ധതികൾ<br>Written By: SunilKumar K C (Asst. Audit Officer, On 24-08-2021)<br>Last Updated By: K.Shaji (Joint Director, On 16-02-2022) | 1-45 |
| 46 | എ ബി സി പ്രോഗ്രാമിന് തുക നല്കൽ<br>Written By: SunilKumar K C (Asst. Audit Officer, On 24-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-08-2021) | 1-46 |
| 47 | വെർട്ടിക്കൽ പമ്പ് സെറ്റ് -തുക കൈമാറൽ<br>Written By: SunilKumar K C (Asst. Audit Officer, On 24-08-2021)<br>Last Updated By: K.Shaji (Joint Director, On 16-02-2022) | 1-47 |
| 48 | മറ്റത്തൂർ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകിയ മരാമത്ത് പ്രവൃത്തികൾ - ടെൻഡർ ആനുകൂല്യം അനുവദിച്ചതിലെ അപാകത മൂലമുണ്ടായ നഷ്ടം - തുക 1,59,206 രൂപ നിരാകരിക്കുന്നു.<br>Written By: Bita.T.S (Audit Officer (HG), On 23-08-2021)<br>Last Updated By: K.Shaji (Joint Director, On 16-02-2022) | 1-48 |
| 49 | ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് മരാമത്ത് പ്രവൃത്തികൾ-യോഗ്യതാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.<br>Written By: Bita.T.S (Audit Officer (HG), On 29-08-2021)<br>Last Updated By: K.Shaji (Joint Director, On 16-02-2022) | 1-49 |
| 50 | പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത സ്ഥലത്ത് നിർമ്മാണം-അനുബന്ധരേഖകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Bita.T.S (Audit Officer (HG), On 25-08-2021)<br>Last Updated By: K.Shaji (Joint Director, On 16-02-2022) | 1-50 |

| | | |
|---|---|---|
| 51 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം-അപാകതകൾ<br>Written By: Bita.T.S (Audit Officer (HG), On 26-08-2021)<br>Last Updated By: K.Shaji (Joint Director, On 16-02-2022) | 1-51 |
| 52 | മഴക്കാല പൂർവ്വ ശുചീകരണം -ആനന്ദപുരം സി.എച്ച്.സി സൂപ്രണ്ടിന് കൈമാറിയ തുകയുടെ ചെലവുരേഖകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Bita.T.S (Audit Officer (HG), On 30-08-2021)<br>Last Updated By: K.Shaji (Joint Director, On 16-02-2022) | 1-52 |
| 53 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റുകൾ- ഫയൽ സൂക്ഷിപ്പ് കൃത്യമല്ല.<br>Written By: Siju P. Damson (Asst. Audit Officer, On 29-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-08-2021) | 1-53 |
| 54 | കൃത്യമായ അക്കൗണ്ടിംഗ് ശീർഷകങ്ങളിൽ ബുക്ക് ചെയ്യാത്ത ഇടപാടുകൾ-ധനകാര്യ പത്രികയുടെ കൃത്യതയെ ബാധിക്കുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 29-08-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 17-02-2022) | 1-54 |
| 55 | കെൽട്രോണിന് മുൻകൂർ- നാളിതുവരെ കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടില്ല.-160516 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 29-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-55 |
| 56 | ചെലവ് രേഖകൾ ഹാജരാക്കിയില്ല- 53585 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 29-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-56 |
| 57 | ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിലെ ഡെപ്പോസിറ്റ് വർക്കുകൾ- അപാകതകൾ- 1686389/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 29-08-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 17-02-2022) | 1-57 |
| 58 | വാട്ടർ അതോറിറ്റിയിലെ ഡെപ്പോസിറ്റ് വർക്കുകൾ- അപാകതകൾ- 2,30,000 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 29-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-58 |
| 59 | കെ.എസ്.ഇ.ബിയിലെ ഡെപ്പോസിറ്റ് വർക്കുകൾ- അപാകതകൾ<br>Written By: Siju P. Damson (Asst. Audit Officer, On 29-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-59 |
| 60 | റെയിൽവേ ലീവ് ചാർജ്ജ് അടവാക്കൽ- തുക അടച്ചതിലെ ന്യൂനതകൾ-ചെലവ് തുക 298093 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 29-08-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 17-02-2022) | 1-60 |
| 61 | തെരുവുവിളക്ക് സാമഗ്രികൾ വാങ്ങലും പരിപാലനവും-തുക നല്കിയതിലെ അപാകതകൾ- ചെലവ് തുക 766720 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 29-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-61 |
| 62 | ലൈഫ് വായ്പ പദ്ധതി- ജനറൽ വിഭാഗത്തിന്റെ വായ്പ തിരിച്ചടവിലേക്ക് എസ് സി പി വിഹിതത്തിൽ നിന്നും റിക്കവറി<br>Written By: Siju P. Damson (Asst. Audit Officer, On 29-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-08-2021) | 1-62 |
| 63 | തൊഴിൽ രഹിത വേതനം -ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് നമ്പർ ട്രഷറി ബില്ലിൽ ചേർത്തതിൽ വ്യത്യാസം.<br>Written By: Siju P. Damson (Asst. Audit Officer, On 29-08-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-08-2021) | 1-63 |
| 64 | തൊഴിലുറപ്പ് പ്രവൃത്തികൾക്കായി മെറ്റീരിയൽ പർച്ചേസ് -രേഖകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Bita.T.S (Audit Officer (HG), On 30-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 1-64 |
| | ഭാഗം **2** | |
| | --- No Records Found --- | |

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | മറ്റത്തൂർ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകിയ മരാമത്ത് പ്രവൃത്തികൾ - ടെൻഡർ ആനുകൂല്യം അനുവദിച്ചതിലെ അപാകത മൂലമുണ്ടായ നഷ്ടം - തുക 1,59,206 രൂപ നിരാകരിക്കുന്നു.<br>Written By: Dhanya.A (Auditor, On 02-12-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 17-02-2022) | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം (തൻവർഷത്തെ മാത്രം)<br>Written By: Dhanya.A (Auditor, On 12-08-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 17-02-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (തൻവർഷത്തെ മാത്രം)<br>Written By: Dhanya.A (Auditor, On 12-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Dhanya.A (Auditor, On 12-08-2021)<br>Last Updated By: Dhanya.A (Auditor, On 12-08-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Dhanya.A (Auditor, On 12-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Dhanya.A (Auditor, On 12-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Dhanya.A (Auditor, On 12-08-2021)<br>Last Updated By: Dhanya.A (Auditor, On 14-08-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Dhanya.A (Auditor, On 12-08-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 17-12-2021) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Dhanya.A (Auditor, On 12-08-2021)<br>Last Updated By: Dhanya.A (Auditor, On 12-08-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Dhanya.A (Auditor, On 12-08-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 17-02-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Dhanya.A (Auditor, On 12-08-2021)<br>Last Updated By: Sunitha.R (Senior Grade Auditor, On 17-02-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 24.03.2020,1(1) | |
| പ്രതീക്ഷിത വരവ്.ചെലവ് എന്നിവ | വരവ് | ചെലവ് |
| | 244560000 | 245131600 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 6.02.2021 8(1) | |
| പ്രതീക്ഷിത വരവ്.ചെലവ് എന്നിവ | വരവ് | ചെലവ് |
| | 230049235 | 225585786 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31-7-2021 | 30.07.2021 |

### 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 2,86,26,758 |
| ഓഡിറ്റ് വർഷത്തെ വരവ് | 9,31,63,650 |
| ആകെ | 12,17,90,408 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 9,56,21,882 |
| നീക്കിയിരിപ്പ് | 2,61,68,526 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 15241358 | 15241358 | 15095096 | 146262 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 14872552 | 14872752 | 11834196 | 3038556 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 14888459 | 14888459 | 10538195 | 4350264 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 12861000 | 12861000 | 12861000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 0 | 4389153 | 4389153 | 3277133 | 1112020 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരംലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 253 | 124888975 | 178 | 73540928 | 55 | 20 | 58.88 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 828087 | 828087 | 828087 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 15799814 | 15799814 | 15799814 | 0 |

## 1-7 ക്ഷേമ പെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 24480 | 34 |
| കർഷകതൊഴിലാളി പെൻഷൻ | 7105200 | 449 |
| വിധവാ പെൻഷൻ | 20267700 | 1229 |
| വാർദ്ധക്യകാലപെൻഷൻ | 32524000 | 2388 |
| വികലാംഗപെൻഷൻ | 1074700 | 262 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1838900 | 105 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 330000 | 11 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-08-2021 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9407/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1.ക്രമ.നം 1-11 മുതൽ 1-35 വരെയുള്ള ഖണ്ഡികകളിൽ പരാമർശിക്കുന്ന വാർഷികകണക്കുകൾ സംബന്ധിച്ച അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടവയാണ്.നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി വരവുചെലവുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നതോടൊപ്പം തന്നെ ആധാരമായി വർത്തിക്കുന്ന അനുബന്ധരജിസ്റ്ററുകൾ/പത്രികകൾ എന്നിവ കാലികമാക്കി കണക്കുകളോട് പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതും തുല്യപ്രാധാന്യമർഹിക്കുന്നു.അവശ്യം എഴുതി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ അപാകതകൾ ഒഴിവാക്കി പരിപാലിക്കേണ്ടതാണ്.

2.പഞ്ചായത്തിൽ നിലവിലുള്ള സ്വാശ്രയ കുടിവെള്ള/ജലസേചന പദ്ധതികളുടെ വിവരങ്ങൾ സമാഹരിച്ച് ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3.പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളെല്ലാം ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും, സാംഖ്യയുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27-01-2021 മുതൽ 29-01-2021 വരെ | 04/2020 മുതൽ 12/2020 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13-07-2015 | 2010-11 മുതൽ 2014-15 വരെ | 10-09-2015 |

## 1-11 വാർഷികകണക്കുകൾ- സമർപ്പിക്കാത്ത പത്രികകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2. സർക്കാർ ഉത്തരവ് (കൈ)16/21 ത.സ്വ.ഭ.വ തീ.23.01.2021 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

## 1-12 വസ്തു നികുതി (റെസിഡൻഷ്യൽ- തൻവർഷം)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ(തൻവർഷം )

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3280058 | 3253861 | 15555 | 14733 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3280058 | 3253861 | 2610 | *14733 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | *(15476/105X100)=14739 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.ക്രമീകരിച്ച മുൻകൂർ തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-13 വസ്തു നികുതി (നോൺ റെസിഡൻഷ്യൽ- തൻവർഷം)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

നോൺറെസിഡൻഷ്യൽ(തൻവർഷം )

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2310153 | 2279401 | 8192 | 23367 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2310153 | 2279401 | 2163 | *23367 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance Collection- PT On NR Bldg-ന്റെ ലെഡ്ജർ) | *( 24539/105X100)=23370 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.ക്രമീകരിച്ച മുൻകൂർ തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-14 വസ്തു നികുതി (റെസിഡൻഷ്യൽ (കുടിശ്ശിക))-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 165187 | 157638 | 7871 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *169167 | 157638 | **7871 |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (162223+15403/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (8536/105X100)=8129, ചെറിയ തുക വ്യത്യാസം, റൌണ്ട് |

| | | | |
|---|---|---|---|
| | | | ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-15 വസ്തു നികുതി (നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 334555 | 223691 | 113242 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 337043* | 223691 | **113242 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*(238753+115142=353895/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(118990/105X100)=113323,ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു.<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-16 ലൈബ്രറി സെസ്സ്-ഡിസിബി രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 166965 | 9012 | 175977 | 165469 | 8025 | 173494 | 898 | | 743 | 666 | 1412 |
| | നോൺ-റെസിഡൻഷ്യൽ | 116775 | 17482 | 134257 | 114381 | 11216 | 125597 | 420 | | 1172 | 5748 | 6920 |
| | ആകെ | | | 310234 | | | 299091 | 1318 | | 8332 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 310494 | | | 236047 | | | | 299091 | 8332 | | |
| | | 26754+283740=<br>(2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2.ഡിമാന്റ് , കളക്ഷൻ,മുൻകൂർ ക്രമീകരിച്ചത് എന്നിവ പൊരുത്തപ്പെടുന്നില്ല.

3.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 236047രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 299091 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല .മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഡിസിബി സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകയാണ്.

## 1-17 വസ്തു നികുതി മുൻകൂർ- വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 4237 | 295958 |
| 2 | 350410103-Advance Collection Of Revenues -Property Tax On Non-Residential Building | 1865 | 42453 |

## 1-18 വസ്തു നികുതി-കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല.

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ മുരിയാട് ഗ്രാമപഞ്ചായത്തിൽ 171 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 തവണ മാത്രം (12/1/21,31/3/21 എന്നീ തീയ്യതികളിൽ ) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു .ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകൾ ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-19 വരവിനങ്ങൾ-രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. മറിച്ച് വാർഷികകണക്കിലെ വിവിധ പത്രികകളിലെ വർഷാന്ത്യ തുകകൾ പ്രിന്റ് എടുത്ത് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കുകയാണ് ചെയ്തിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

5. ന്യൂ ബിൽഡിംഗ് രജിസ്റ്റർ

## 1-20 വരുമാനങ്ങളുടെ മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ |
|---|---|---|---|

| | | | മുൻകൂർ തുക |
|---|---|---|---|
| 1 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 231300 |
| 2. | പാട്ടം | 350410402-Advance Collection Of Revenues-Rent From Lease Of Lands | 5000 |

## 1-21 കിട്ടാനുള്ള തുക-സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി ,നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-22 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-23 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (2458232) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1803717രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-24 തൊഴിലുറപ്പ്പദ്ധതി- വരവ് ചെലവ് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ്പദ്ധതിയുടെ വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| | |
|---|---|
| ഭരണ ചെലവ് | 828087 |
| തൊഴിലുറപ്പ് കൂലി ചെലവ് (പഞ്ചായത്തിന് വേണ്ടി നിർമ്മിച്ച ആസ്തി ഒഴികെ) | 14765414 |
| ആകെ റവന്യൂ ചെലവ് | 15593501 |
| പഞ്ചായത്തിന് ആസ്തി സൃഷ്ടിച്ചത്* | 1034400* |
| ഒട്ടാകെ | 16627901 |

എന്നാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) പ്രകാരം വരുമാനവും ചെലവും ആയി ചേർത്തിരിക്കുന്നത് 16,529,741 രൂപയാണ്. മാത്രമല്ല പഞ്ചായത്തിന് സൃഷ്ടിച്ച ആസ്തി ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ | പ്രവൃത്തിയുടെ പേര് | ചെലവ് തുക |
|---|---|---|

| | | |
|---|---|---|
| 1 | പാറെക്കാട്ടുകര കാരൂർ ലിങ്ക് റോഡ് -കോൺക്രീറ്റ് | 350285 |
| 2 | ഊരകം വെസ്റ്റ്- സാൻജോ നഗർ റോഡ് -കോൺക്രീറ്റ് -ഘട്ടം-1 | 196413 |
| 3 | ഊരകം വെസ്റ്റ്- സാൻജോ നഗർ റോഡ് -കോൺക്രീറ്റ്-- ഘട്ടം-2 | 370496 |
| 4 | മുരിയാട് സെന്റർ- ചിറക്കപ്പാടം റാമ്പ് | 117206 |
| ആകെ | | 1034400* |

## 1-25 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ -തത്തുല്യമായ ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പ് ഇല്ല- അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320100121 | Centrally Sponsored Scheme-ICDS | 931408 | ഇല്ല | | |
| 2 | 320200309 | Literacy Scheme Grant | 1858 | | | |
| 3. | 320200317 | Grant-Drinking Water Scheme | 254390 | | | |
| 4 | 320200322 | Grant From Suchitwa Mission | 2391533 | | | |
| 5 | 320300103 | Grant-Total Sanitation | 820969 | | | |
| 6 | 320300199 | Grant-Other Government Agencies | 91980 | | | |
| 7 | 320400199 | Grant -Other Financial Insitutions | 20000 | | | |
| 8 | 320700204 | Contribution For Joint Venture Projects -Block | 798474 | | | |

Panchayat

## 1-26 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റുകൾ- ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പിന് തത്തുല്യമായ ബാധ്യത ശീർഷകം ഇല്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നം. | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450410104 | SBT Pension | 9750 |
| 2 | 450630101 | SCB-Swabhiman | 344212 |

## 1-27 ഗ്രാന്റ് വിനിയോഗിച്ചുള്ള ആസ്തികൾ-തത്തുല്യമായ തുക " Capital Contribution"ശീർഷകത്തിലേക്ക് മാറ്റിയില്ല

31/3/2020 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിൽ നീക്കിയിരിപ്പ് 61731299 രൂപയാണ്. 31/3/2021 ലെ ബാലൻസ്ഷീറ്റിൽ നീക്കിയിരിപ്പായി ചേർത്തിരിക്കുന്നത് 61842608 രൂപയാണ്.തൻവർഷം കൂടുതലായി ചേർത്തിരിക്കുന്നത് ആകെ 111309 രൂപ മാത്രമാണ് .വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല എന്ന് വ്യക്തമാണ്.ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു.ഇത് 152/2011 /ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്

## 1-28 ചെക്ക് നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും തുക ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല-1242 രൂപ

ഇന്ത്യൻ ഓവർസീസ് ബാങ്ക് അക്കൌണ്ടിന്റെ 31/3/21 ലെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 2/2/2019 ന് നിക്ഷേപിച്ച 1242 രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.ചെക്ക് നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും തുക ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല.ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 വായ്പ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

വായ്പ ഇനത്തിൽ 31/3/2021 ൽ രൂപ 4767955 തിരിച്ചടക്കാൻ ബാക്കിയുണ്ട്.എന്നാൽ വായ്പ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

## 1-30 ഇൻവെസ്റ്റ്മെന്റുകൾ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 4500രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-31 ജേണൽ ബുക്ക്-വൌച്ചറുകൾ ഇല്ലാതെ രേഖപ്പെടുത്തലുകൾ നടത്തുന്നു.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-32 ജേണൽ വൗച്ചർ- രേഖകളില്ലാതെ Prior Period ശീർഷകത്തിൽ ചെലവ് എഴുതുന്നു, വരുമാനമായി ക്രമീകരിക്കുന്നു

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 9963 |

| | |
|---|---|
| 280100104-Prior Period Income-Property Tax On Non Residential Buildings | 6442 |
| 280800701-Miscellaneous Expenses | (372324) |
| 280100102-Prior Period Income-Profession Tax-Institutions/Professionals /Traders | (5400) |

## 1-33 ഡിപ്രിയിസേഷൻ- രേഖകൾ ഹാജരാക്കിയിട്ടില്ല

2020-21വർഷത്തെ Income And Expenditureപത്രിക പ്രകാരം രൂപ 8005762 ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്.എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-34 ലാപ്സായ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്.

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2017 വർഷം ലഭിച്ചതും നാളിതുവരെ തിരികെ നൽകാത്തതുമായ ഡെപ്പോസിറ്റ് തുകകൾ ഉള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | തുക | ലഭിച്ച തീയ്യതി |
|---|---|---|
| 340100202-Suppliers Security Deposit | 17300 | 29/07/2017 |
| 340109901-Other Deposit | 500 | 10/10/17 |
| | 500 | 1/11/17 |
| | 500 | 18/11/17 |
| 340800101-Deposit From Others | 500 | 27/7/17 |
| | 500 | 19/12/17 |

കരാറിലെയും, കേരള ഫിനാൻഷ്യൽ കോഡിലേയും വ്യവസ്ഥകൾക്കനുസൃതമായി തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്.

## 1-35 തൊഴിൽ നികതി അപാകതകൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരാണ്. ( കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

1. 2019-20 സാമ്പത്തിക വർഷത്തിൽ 411 സ്ഥാപനങ്ങൾ ഫാക്ടറി-വ്യാപാര ലൈസൻസ് അടവാക്കിയതായി ഡി & ഒ ഡിമാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപന / വ്യാപാരി തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം 376 സ്ഥാപനങ്ങളിൽ നിന്നുമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയിരുന്നുവെങ്കിലും (ഓഡിറ്റ് അന്വേഷണം നം.25/19-20,20-21 തീയതി:17.08.2021 ) ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ എല്ലാ സ്ഥാപനങ്ങൾ/വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ട്രേഡേഴ്സ് ലിസ്റ്റ് വാർഡുകളായി തിരിച്ച് തയ്യാറാക്കിയിട്ടില്ല. അപ്രകാരം തയ്യാറാക്കേണ്ടതാണ്.

## 1-36 തൊഴിൽ നികുതി - ജീവനക്കാരിൽ നിന്നും ഈടാക്കിയിട്ടില്ല

2019-20 സാമ്പത്തികവർഷത്തിൽ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ച് ആയത് ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററുമായി ഒത്തുനോക്കിയതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1. | മധു മോട്ടേഴ്സ്, പുല്ലൂർ | 4 |

| | | |
|---|---|---|
| 2. | ജോൺ പാക്കേജിംഗ് ആനന്ദപുരം | 6 |
| 3. | ഹണി പോട്ട്, ആനന്ദപുരം | 3 |
| 4. | മാധവം പെട്രോ പാർക്ക്, മുരിയാട് | 4 |
| 5. | ജീവാമൃ ആയുർവേദിക് സെന്റർ , മുരിയാട് | 5 |
| 6. | ഹാർവെസ്റ്റ് മാർക്കറ്റിങ് നെറ്റ്‌വർക്ക്, ആനന്ദപുരം | 4 |
| 7. | ബാലാജി ട്രേഡിംഗ് കമ്പനി, ആനന്ദപുരം | 3 |
| 8. | യുണൈറ്റഡ് ട്രേഡേഴ്സ് & എക്സ്പോർട്സ്, ആനന്ദപുരം | 3 |
| 9. | ജെ പി ട്രേഡിംഗ് കമ്പനി, പുല്ലൂർ | 3 |
| 10. | അറക്കൽ ഫർണീച്ചർ | 3 |
| 11. | മഹേശ്വരി ഗ്രാനൈറ്റ് സപ്ലയേഴ്സ്, പുല്ലൂർ | 4 |
| 12. | ടി സി ഇന്നവേഷൻ | 3 |
| 13. | ടീം ഫേസ് പ്രൈവറ്റ് ലിമിറ്റഡ്, മുരിയാട് | 17 |
| 14. | അക്ഷയ് മുകുന്ദ് സിമന്റ് പ്രോഡക്ട്സ്, മുരിയാട് | 4 |
| 15. | അക്കരക്കാരൻ കോൺക്രീറ്റ് പ്രോഡക്ട്സ്, പുല്ലൂർ | 6 |
| 16. | ശ്രീഹരി വസ്ത്രാലയം, ആനന്ദപുരം | 4 |
| 17. | സൂര്യ ടൈൽസ്, ആനന്ദപുരം | 3 |
| 18. | Hi-Force Engineering, Pullur | 4 |
| 19. | ശ്രീകാന്ത് ഇൻഡസ്ട്രീസ്, മുരിയാട് | 7 |
| 20. | കൃപ മെറ്റൽസ് | 4 |
| 21. | Super Middle East Marketing India Pvt. Ltd | 3 |
| 22. | പാലാട്ടി ഡിസ്ട്രിബ്യൂട്ടേഴ്സ് | 4 |
| 23. | മോഡുലാർ മിറക്കിൾ കിച്ചൻസ്, മുരിയാട് | 20 |
| 24. | Royal Cement Works | 3 |
| 25. | മെറ്റലേജ് ടെക്നോളജീസ്, പുല്ലൂർ | 7 |

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയിരുന്നുവെങ്കിലും (ഓഡിറ്റ് അന്വേഷണം നം.26/20-21 തീയതി:17.08.2021 ) ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-37 വിമുക്ത ഭടന്മാർക്ക് നികുതി ഇളവ് നൽകുന്നതിലെ അപാകതകൾ

സ.ഉ(കൈ)നം.106/17/തസ്വഭവ തീയതി.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് ലഭിക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം ഇളവിന് അർഹതപ്പെട്ടവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കുന്നവരിൽ തറ വിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്ത വീടിന് മാത്രമേ നികുതി ഇളവിന് അർഹതയുള്ളൂ.കൂടാതെ ഇളവ് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് .

2019-20 സാമ്പത്തികവർഷത്തിൽ ആകെ 76 വിമുക്ത ഭടന്മാർക്ക്/ അവരുടെ ഭാര്യമാർക്ക് വസ്തു നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവ് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സാമ്പത്തിക വർഷത്തിൽ ആകെ 62 അപേക്ഷകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. സ്റ്റാൻഡിംഗ് കമ്മിറ്റി എത്ര അപേക്ഷകൾക്ക് അംഗീകാരം നൽകി എന്നതിൻറെ രേഖയും ലഭ്യമല്ല. കൂടാതെ ആയതുമായി ബന്ധപ്പെട്ട രജിസ്റ്റർ അപൂർണ്ണമാണ്. ആയതിനാൽ അപേക്ഷ സമർപ്പിക്കാത്തവർക്ക് നികുതി ഒഴിവ് നൽകിയോ എന്നതിന്മേലും, പ്രസ്തുത വർഷം സ്റ്റാൻഡിംഗ് കമ്മിറ്റി ആകെ എത്ര പേർക്ക് നികുതി ഇളവിന് അംഗീകാരം നൽകി എന്നതിന്മേലും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നൽകിയിരുന്നുവെങ്കിലും (ഓഡിറ്റ് അന്വേഷണം നം.34/20-21 തീയതി:17.08.2021 ) ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിമുക്തഭടന്മാർ നികുതി ഇളവിന് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ വസ്തുനികുതി ഇളവ് നൽകാവൂ എന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-38 ലേലം-രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2020-21 വർഷത്തെ മിനുട്ട്സ് പരിശോധിച്ചതിൽ പഞ്ചായത്ത് കമ്മിറ്റി ലേല നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കമ്മിറ്റി തീരുമാനം നമ്പർ |
|---|---|
| 1 | 22.06.20 ലെ 10/1 |
| 2 | 22.09.20 ലെ 3/2, 3/3 |
| 3 | 30.10.20 ലെ 35/1,35/2 |
| 4 | 6.02.21 ലെ 4/1 |

മേൽ തീരുമാനങ്ങൾ പ്രകാരം ലേല നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (എൻക്വയറി നമ്പർ.29, തിയതി.17.08.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ലേലം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-39 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്-9 ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല- 219705 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി

ചെലവ് വിവരങ്ങൾ

| പ്രോജക്ട് | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | തുക നല്കിയതിന്റെ ഉദ്ദേശ്യം |
|---|---|---|---|---|
| 137/21 | 7 | 23/3/21 | 415000 | ഹിന്ദ് ഡിജിറ്റൽ സൊല്യൂഷൻ കോട്ടയം, എന്ന സ്ഥാപനത്തിൽ നിന്ന് ജെം സൈറ്റ് മുഖേന 17 ലാപ്പ് ടോപ്പുകൾ വാങ്ങിയതിന് ഇൻവോയ്സ് നമ്പർ HDS/R/20-21/336 തീ 16/3/21 പ്രകാരം 470069.55 രൂപയുടെ ബിൽ 415000 ആയി പരിമിതപ്പെടുത്തി തുക നല്കി. |

മേൽ പ്രോജക്ട് പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന് 17 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്.

1.ഇൻവോയ്സ് പ്രകാരവും ഇ വെയ്ബിൽ പ്രകാരവും 17 ലാപ്പ്ടോപ്പുകൾ ഗ്രാമപഞ്ചായത്തിൽ എത്തിയതായി കാണുന്നു. എന്നാൽ 8 ഗുണഭോക്താക്കൾക്ക് മാത്രമെ ആയത് വിതരണം ചെയ്തിട്ടുള്ളൂ. ബാക്കി 9 ലാപ്പ്ടോപ്പുകൾ നിലവിൽ പഞ്ചായത്തിൽ സൂക്ഷിക്കുന്നു.നാളിതുവരെ അത് വിതരണം ചെയ്യാനായിട്ടില്ല.കോവിഡ് കാലം മൂലം സ്ഥാപനങ്ങൾ പ്രവർത്തിക്കാത്തതിനാൽ വിവിധ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ സാധിക്കാത്തതിനാലാണ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യാൻ സാധിക്കാത്തതെന്ന് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്.

2.വിതരണം ചെയ്യാത്ത പക്ഷം 9 ലാപ്ടോപ്പുകളുടെ വില 31/3/2021 ലെ ബാലൻസ്ഷീറ്റിൽ ക്ലോസിംഗ് സ്റ്റോക്ക് ആയി ഉൾപപ്പെടുത്തേണ്ടിയിരുന്നതും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറിയുടെ കുറിപ്പുകളിൽ ഉൾപ്പെടുത്തേണ്ടിയിരുന്നതുമാണ്.ഇത് ഇവയുടെ തുടർനിരീക്ഷണത്തിന് ആവശ്യമാണ്.എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.വൗച്ചർ നമ്പർ 22001468 തീ 20/3/21 പ്രകാരം മുഴുവൻ തുകയും "251301002 Special Programs For Scheduled Castes-SCP" എന്ന ശീർഷകത്തിൽ 2020-21 ലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ ചെലവ് രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത് . യഥാർത്ഥത്തിൽ 2020-21 വർഷത്തിൽ ഈയിനത്തിൽ 9 ലാപ്ടോപ്പുകളുടെ വില കുറവ് ചെയ്തിട്ടുള്ള ചെലവ് മാത്രമാണ് ഉണ്ടായിരിക്കുന്നത്..(സർക്കാർ ഉത്തരവ് 152/11ത.സ്വ.ഭ.വ തീ 26/7/2011 സ്റ്റോർസ് എന്ന ഖണ്ഡികയിൽ 'E' കാണുക)

2.1.ഹിന്ദ് ഡിജിറ്റൽ സൊല്യൂഷൻ കോട്ടയം, എന്ന സ്ഥാപനത്തിന് 470070 രൂപയിൽ 415000 രൂപ മാത്രമേ നല്കിയിട്ടുള്ളൂ. ബാക്കി 55070 രൂപ അടുത്ത പദ്ധതിയിൽ ഉൾപ്പെടുത്തി നല്കുമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ തുക നല്കാൻ ബാക്കിയുണ്ടെന്ന വിവരം കണക്കിൽ ഉൾപ്പെടുത്തുന്ന രീതിയിൽ 31/3/21 ലെ ബാലൻസ്ഷീറ്റിൽ ബാധ്യതയായി ചേർത്തിട്ടില്ല എന്ന് കാണുന്നു. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 27,28)

ഖണ്ഡിക 2 ൽ ചേർത്തിരിക്കുന്ന കാരണങ്ങളാൽ ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് വാർഷികകണക്കുകൾ യഥാർത്ഥ ചിത്രം നല്കുന്നില്ല എന്ന് കാണുന്നു. ലാപ്പ്ടോപ്പുകൾ അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത് വരെ 9 കമ്പ്യൂട്ടറുകൾക്ക് നല്കിയ തുക (415000/17*9) 219705 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി 18 തീ 16/8/21, മറുപടി ലഭ്യമാക്കിയിട്ടുണ്ട്.)

## 1-40 എസ് എസ് കെയ്ക്ക് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ 621100 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ് ,ജിയുപിഎസ് ആനന്ദപുരം

പദ്ധതി നം.78/21, എസ് എസ് കെ യ്ക്ക് വിഹിതം നൽകൽ എന്ന പദ്ധതിയിൽ, ബിൽ നം 2/20-21/24.7.20 പ്രകാരം 6,21,100/ രൂപാ ജില്ലാ പ്രോജക്ട് ഓഫീസർ,എസ്.എസ്.കെ, തൃശ്ശൂരിന് കൈമാറിയിട്ടുണ്ട്. എന്നാൽ ആയതിന് വിനിയോഗസാക്ഷ്യപത്രം ഫയലിനൊപ്പം ഹാജരാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-41 കെൽട്രോണിൽ നിന്നും ഇൻവോയ്സ് ഹാജരാക്കുന്നതുവരെ 40469 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം-ഹോമിയോ മെഡിക്കൽ ഓഫീസർ

| പ്രോജക്ട് | വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 168/21-ഹോമിയോ ഡിസ്പെൻസറി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 22001127 | 19/1/2021 | 40,469 |

1.ഇതിൽ കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ വാങ്ങുന്നതിന് പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് 40469രൂപ നല്കിയിരിക്കുന്നത്. ഈ ഇനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കെൽട്രോണിൽ നിന്നും ഇൻവോയ്സ് ലഭ്യമാക്കേണ്ടതാണ്.

2.ട്രഷറി ബിൽ 59 E പ്രകാരം തുക കൈമാറിയിരിക്കുന്നതായി കാണുന്നത് കേരള ഐടി മിഷന് ആണ്. ആയതിനാൽ കെൽട്രോണിന്റെ കൈപ്പറ്റ് രസീതും ഹാജരാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 7 തീ 13/8/2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവ് തുക 40469 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-42 ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല-200000 രൂപ തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് | വൗച്ചർ നമ്പർ | തീയ്യതി | തുക |
|---|---|---|---|
| 143/21-ഹോമിയോ ഡിസ്പെൻസറി മരുന്ന വാങ്ങൽ | 22001040 | 12/10/2020 | 200000 |

ഹോംകോ യിൽ നിന്നും PF-728 തീ 14/10/20 പ്രകാരം മരുന്ന് നൽകുന്നതിന്റെ ടാക്സ് ഇൻവോയ്സ് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ തുക കൈമാറി. എന്നാൽ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല എന്നാണ് ഹോമിയോ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുള്ളത്. മരുന്നുകൾ ലഭ്യമാകുന്നതു വരെ 2,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-43 കെൽട്രോണിൽ നിന്നും ഇൻവോയ്സ് ഹാജരാക്കുന്നതുവരെ 56914 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

പ്രോജക്ട്-145/21-ആയുർവേദ ഡിസ്പെൻസറി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

നിർവ്വഹണം-ആയുർവേദ മെഡിക്കൽ ഓഫീസർ

| വൌച്ചർ നമ്പർ | തീയ്യതി | തുക | കുറിപ്പ് |
|---|---|---|---|
| 22001375 | 1/3/2021 | 16,780 | പ്രിന്റർ വാങ്ങിയത് |
| 22001390 | 10/3/2021 | 40,134 | കെൽട്രോണിൽ നിന്ന് കമ്പ്യൂട്ടർ വാങ്ങിയത് |

1.ഇതിൽ കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ വാങ്ങുന്നതിന് പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയിരിക്കുന്നത്. ഈ ഇനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.കെൽട്രോണിൽ നിന്നും ഇൻവോയ്സ് ലഭ്യമാക്കേണ്ടതാണ്.

2.ട്രഷറി ബിൽ 59 E പ്രകാരം തുക കൈമാറിയിരിക്കുന്നതായി കാണുന്നത് കേരള ഐടി മിഷന് ആണ്. ആയതിനാൽ കെൽട്രോണിന്റെ കൈപ്പറ്റ് രസീതും ഹാജരാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 6 തീ 13/8/2021 ന് മേൽ വിവരങ്ങൾ ആവശ്യപ്പെട്ട് കെൽട്രോണിന് മെയിൽ അയച്ചിട്ടുണ്ടെന്നും രേഖകൾ ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കാമെന്നും അറിയിച്ചിട്ടുണ്ട്.രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവ് തുക 56914 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-44 മരുന്നുകൾ ലഭിച്ചിട്ടില്ല. 580181/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം- അസിസ്റ്റന്റ് സർജ്ജൻ

വിവിധ പ്രോജക്റ്റുകളിലായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് പ്രഫോർമ ഇൻവോയ്സ് അടിസ്ഥാനത്തിൽ തുക നല്കിയിട്ടുണ്ട്. ഇതിൽ മരുന്ന് ലഭിക്കാത്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്റ്റ് | വൌച്ചർ നമ്പർ/ബിൽ നമ്പർ | തീയ്യതി | തുക | ഓഡിറ്റ് നിരീക്ഷണം. |
|---|---|---|---|---|---|
| 1 | 172/21-ഗൃഹ കേന്ദ്രീകൃത പാലിയേറ്റീവ് പരിചരണം. | 19<br>20<br>14 | 30/3/21<br>30/3/21<br>12/1/21 | 89441<br>53826<br>336800 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് പ്രഫോർമ ഇൻവോയ്സ് അടിസ്ഥാനത്തിൽ 480067രൂപ കൈമാറി. മരുന്ന് ലഭിച്ചിട്ടില്ല. |
| 2 | 174/21-ജീവിത ശൈലി രോഗങ്ങൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ | 16 | 24/2/21 | 100114 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് പ്രഫോർമ ഇൻവോയ്സ് അടിസ്ഥാനത്തിൽ 100114 രൂപ കൈമാറി. മരുന്ന് ലഭിച്ചിട്ടില്ല. |
| | | ആകെ | | 580181 | |

മരുന്ന് ലഭ്യമാക്കുന്നതുവരെ 580181 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 13 തീ 13/8/21 , മറുപടി നല്കിയിട്ടുണ്ട്.)

## 1-45 ഭവനപദ്ധതികൾ

വിവിധ പദ്ധതികളിലായി താഴെ ചേർക്കും പ്രകാരം വി ഇ ഒ മാർ ഭവന പദ്ധതികൾക്ക് വിവിധ ഗഡുക്കളായി ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തിൽ പദ്ധതി പൂർത്തീകരിച്ചതായി കാണുന്നില്ല. പദ്ധതി പൂർത്തീകരണം സംബന്ധിച്ച തുടർനടപടികൾ കൃത്യമായി വിലയിരുത്തേണ്ടതും പദ്ധതികൾ ലക്ഷ്യം കാണുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1.പ്രോജക്റ്റ് നമ്പർ. 86/21

ലൈഫ് ഭവനപദ്ധതി(ജനറൽ)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | രമ്യ വേണു, കക്കര വീട്ടിൽ , മുരിയാട് | 240000 |
| 2 | രുഗ്മിണി,പെരുക്കളം, മുരിയാട് | 260000 |
| 3 | സുകന്യ, മഞ്ഞനം കാട്ടിൽ, മുരിയാട് | 220000 |
| 4 | മിനി ജോഷി, പയ്യപ്പിള്ളി, മുരിയാട് | 300000 |

2. പ്രോജക്റ്റ്. 9/21

(Scp)ലൈഫ് പദ്ധതി പ്രകാരം ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം

| ക്രമ നം. | പേര് | അഡ്വാൻസ് തുക |
|---|---|---|
| 1 | രാധ രാജൻ, കരിമ്പനയ്ക്കൽ | 300000 |
| 2 | ശാരദ ബാബു, വെള്ളാരംകണ്ണി | 40000 |
| 3 | മായ ഉണ്ണികൃഷ്ണൻ, വേഴേക്കാടൻ | 200000 |
| 4 | അജിതകുമാരി, കണ്ണോളി | 300000 |
| 5 | അംബിക.എൻ.വി നാരാട്ടിൽ | 200000 |
| 6 | ഷൈല, അയ്യേരി | 300000 |
| 7 | ശ്രീദേവി, വേഴേക്കാടൻ | 300000 |
| 8 | ഉഷപരമേശ്വരൻ, കൊച്ചുകുളം | 300000 |
| 5 | അംബിക.എൻ.വി, നാരാട്ടിൽ | 200000 |
| 6 | ഷൈല, അയ്യേരി | 300000 |
| 7 | ശ്രീദേവി, വേഴേക്കാടൻ | 300000 |
| 8 | ഉഷ പരമേശ്വരൻ, കൊച്ചുകുളം | 300000 |
| 9 | ബാലചന്ദ്രൻ, നാരാട്ടിൽ | 200000 |
| 10 | ബാബു, നെന്മണിക്കര | 200000 |
| 11 | കുമാരി, നാരാട്ടിൽ | 300000 |
| 12 | കുമാരി, മാതൃപ്പിള്ളി | 40000 |

വിവധ ഘട്ടങ്ങളിൽ നിർമ്മാണത്തിലിരിക്കുന്ന വീട്ടുകൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-46 എ ബി സി പ്രോഗ്രാമിന് തുക നല്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പദ്ധതി നം 167/21

അടങ്കൽ 210000

ചെലവ് 210000

2020-21സാമ്പത്തിക വർഷത്തിൽ എ ബി സി പ്രോഗ്രാമിന് തുക നല്കൽ പദ്ധതിയ്ക്കായി 210000 രൂപ 25.03.2021ന് ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

## 1-47 വെർട്ടിക്കൽ പമ്പ് സെറ്റ് -തുക കൈമാറൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പദ്ധതി നം 217/21

അടങ്കൽ 400000

ചെലവ് 400000

22.10.2019 ലെ ബി 444/19 നം. റിക്വസിഷൻ പ്രകാരം ഇരിങ്ങാലക്കട ബ്ലോക്ക് പഞ്ചായത്ത് വെർട്ടിക്കൽ ഫ്ലോ പമ്പ് വാങ്ങുന്നതിനായി ഗ്രാമ പഞ്ചായത്ത് വിഹിതം ആവശ്യപ്പെട്ടിരുന്നു. 28.10.2019 ന് 400000 രൂപ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് നല്കിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

## 1-48 മറ്റത്തൂർ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകിയ മരാമത്ത് പ്രവൃത്തികൾ - ടെൻഡർ ആനുകൂല്യം അനുവദിച്ചതിലെ അപാകത മൂലമുണ്ടായ നഷ്ടം - തുക 1,59,206 രൂപ നിരാകരിക്കുന്നു.

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിൽ പങ്കെടുക്കുന്ന ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾക്കുള്ള ആനുകൂല്യം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നടപ്പിൽ വരുത്തിക്കൊണ്ട് 11.8.2017 ൽ സ.ഉ (സാധാ) നം. 2780/2017 ത.സ്വ.ഭ.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു

പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി ലേബർ സഹകരണ സംഘങ്ങൾക്ക് ത.സ്വ.ഭ സ്ഥാപനങ്ങളിലെ ടെണ്ടർ വർക്കുകൾക്ക്, കുറഞ്ഞ നിരക്കുകൾ ക്വാട്ട് ചെയ്ത പ്രൈവറ്റ് കോൺട്രാക്ടറെക്കാൾ 10% അധികനിരക്കിന്റെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ടെണ്ടറിൽ പങ്കെടുത്ത് ഉത്തരവുപ്രകാരമുള്ള ആനുകൂല്യങ്ങൾ കൈപ്പറ്റിയ മറ്റത്തൂർ ലേബർ കോൺട്രാക്ട് സൊസൈറ്റിയും ചാലക്കുടി ലേബർ കോൺട്രാക്ട് സൊസൈറ്റിയും പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തിയിട്ടുണ്ട്. ഉത്തരവു പ്രകാരം ടെൻഡർ വർക്കുകൾക്ക് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത പ്രൈവറ്റ് കോൺട്രാക്ടറേക്കാൾ 10 ശതമാനം വരെ അധിക നിരക്കാണ് സൊസൈറ്റികൾക്ക് അനുവദനീയമായിട്ടുള്ളത്. എന്നാൽ പഞ്ചായത്തിൽ പ്രൈസ് പ്രിഫറൻസ് കണക്കാക്കി ടെണ്ടർ ടാബുലേഷൻ തയ്യാറാക്കിയതിൽയതിൽ അപാകത സംഭവിച്ചിട്ടുണ്ട്. തത്ഫലമായി ഏറ്റവും കുറവ് ക്വോട്ട് ചെയ്ത ബിഡ്ഡറുടെ നിരക്ക്+10% തുക മറികടന്ന് സൊസൈറ്റികൾക്ക് വർക്ക് അനുവദിച്ചിട്ടുണ്ട്.അത്തരം സന്ദർഭത്തിൽ ലോവസ്റ്റ് ബിഡ്ഡർക്ക് വർക്ക് അനുവദിക്കുകയായിരുന്നു പഞ്ചായത്തിന് ലാഭകരം. ഫയൽ പരിശോധനയിൽ മറ്റത്തൂർ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അനുവദിച്ച താഴെ പരാമർശിച്ച 3 പ്രവൃത്തികളിൽപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ.നം | പ്രൊജക്ട് നം/പേര് | എസ്റ്റിമേറ്റ് PAC | കുറവ് തുക ക്വോട്ട് ചെയ്ത കോൺട്രാക്ടറുടെ പേര്-(L1)/തുക | പരമാവധി അനുവദിക്കാവുന്ന പ്രൈസ് പ്രിഫറൻസ് L1+10% | MLCS,മറ്റത്തൂർ ക്വാട്ട് ചെയ്ത തുക | L1+10% നേക്കാൾ അധികരിച്ച തുക |
|---|---|---|---|---|---|---|
| 1. | പനമ്പിള്ളി നഗർ റോഡ് ഡ്രൈനേജ് സൈഡ് പ്രൊട്ടക്ഷൻ,റീടാറിംഗ് വാർഡ് 3 | 535323 | 452973 ഐ.കെ ടോമി | 498270 | 505345 | 7075 |
| 2. | മുരിയാട് കപ്പാറ റോഡ് കാന നിർമ്മാണം വാർഡ് 6 | 642212.4 | 529646 റോജൊ ജോസ് | 582611 | 585057 | 2446 |
| 3. | അമ്പലനട ഉറവൻകാട് റോഡ് കാന നിർമ്മാണം വാർഡ് 13 | 589009 | 481334 ഐ.കെ ടോമി | 529467 | 536588 | 7121 |

മേൽപ്പറഞ്ഞ പ്രവൃത്തികളിലെ ഓരോ ഇനവുമെടുത്ത് താരതമ്യം നടത്തിയതിൽ 1,59,206 രൂപയുടെ നഷ്ടം ഉണ്ടായതായി ഓഡിറ്റ് കണ്ടെത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1.Project No:190/21,Panampilly Nagar Road Drainage,Side Protection,Re-Tarring Ward3

Fund:Maintenence Fund( Road) Consolidated -551060,Expenditure- 535523

Vr.No.22000364/12.4.2020,Amt:464970

Vr.No.22001100/11.5.2020,Amt:70553

Name Of Lowest Quoted Contractor(L1)-I.K Tomy,Rate Quoted-452973

Rate Quoted -By MLCS-505345

Agmt No.49/AE/LSGD/MYD/19-20 Dtd.26.09.19

M.Book 109/ 18-19

| Item No. | Estimate Items A | Estimate Rate B | Rate Quoted By L1 C | Rate Quoted By MLCS D | Actual Quantity Done As Per Mbook E | L1 Amt F C*E | MLCS Amt G D*E | Difference Amt G-H |
|---|---|---|---|---|---|---|---|---|
| | Retarring | | | | | | | |
| 1. | 75.5.5B2pb | 324.58/m | 280.43 | 324.58 | 22.56 | 6326.5 | 7322.52 | 996.02 |
| 2. | 75.5.2.1pb | 11.14/m | 9.62 | 11.14 | 442.70 | 4258.77 | 4931.68 | 672.91 |
| 3. | 75.5.9.1.2pb | 157.33/sq.m | 135.93 | 157.33 | 442.70 | 60176.21 | 69649.99 | 9473.78 |
| 4. | 75.5.12.A.3.2pb | 62.66/sq.m | 54.13 | 62.66 | 442.70 | 23963.35 | 27739.58 | 3776.23 |
| | Side Wall | Mord | Roads | | | | | |
| 1. | 3.5.1 | 228.52/cum | 197.44 | 225 | 6.30cum | 1243.87 | 1417.5 | 173.63 |
| 2. | Od 192284/2019-2020 | 2669.94/cum | 2308 | 2600 | 14.49cum | 33442.92 | 37674 | 4231.08 |
| 3. | 11.4.2.2 | 7014.70/cum | 6060.7 | 7000 | 0.84cum | 5090.99 | 5880 | 789.01 |

| | Drainage | In | Mord | Roads | | | | |
|---|---|---|---|---|---|---|---|---|
| 1. | 3.5.1 | 228.52/cum | 197 | 227 | 84.488cum | 16642.56 | 19178.776 | 2536.22 |
| 2. | 11.4.1.1 | 6974.53cum | 5900 | 6200 | 15.486cum | 91367.4 | 96013.2 | 4645.8 |
| 3. | Od192283/ 2019_2020 | 7282.94cum | 6200 | 6468.40 | 4.37cum | 27094 | 28266.91 | 1172.91 |
| 4. | 11.4.2.1 | 6849.39cum | 5700 | 6400 | 30.304 | 172732.8 | 193945.6 | 21212.8 |
| | | | Total | Work | Value | 442339 | 492020 | |
| | | | | Add | GST 12% | 53081 | 59042 | 5961 |
| | | | | | | Grand | Total | 55641.39 |

2.Project No:206/21(so),Muriyad-Kappara Road Drainage Consruction,Ward6

Fund:CFC Grant-67656 Expenditure-67656

Maintenence Fund( Road) Consolidated -585056,Expenditure- 385056

Total Consolidated-662123

Total Exependiture-452712

Vr.No.22000365/12.4.2020,Amt:343546(M.F.Road)

Vr.No.22001125/23.12.2020,Amt:67656(CFC)

Vr.No.22001417/22.1.2021,Amt:41510(M.F.Road)

Name Of Lowest Quoted Contractor(L1)-Rojo Jose,Rate Quoted-529646

Rate Quoted By MLCS-585057

Agmt No.46/AE/LSGD/MYD/19-20 Dtd.26.09.19

M.Book No:106/18-19

| Item No. | Estimate Items A | Estimate Rate B | Rate Quoted By L1 C | Rate Quoted By MLCS D | Actual Quantity Done As Per Mbook E | L1 Amt F C*E | MLCS Amt G D*E | Difference Amt G-H |
|---|---|---|---|---|---|---|---|---|
| | Drainage In | Mord Roads | | | | | | |
| | | | | | | | | |
| 1. | 3.5.1 | 228.52 | 188.46 | 228.45 | 67.282 | 12679.96 | 15370.57 | 2690.61 |
| 2. | 11.4.1.1 | 6974.53 | 5751.36 | 6207 | 11.233 | 64605.02 | 69723.23 | 5118.21 |
| 3. | Od 140963/2019_2020 | 7282.94 | 6011.18 | 6450 | 2.901 | 17438.43 | 18711.45 | 1273.02 |
| 4. | 11.4.3.1 | 7549.93 | 6226.42 | 6700 | 20.426 | 127180.85 | 136854.2 | 9673.35 |
| 5. | 11.4.2.1 | 6849.39 | 5648.69 | 6261 | 21.509 | 121497.67 | 134667.85 | 13170.18 |
| 6. | 11.4.4 | 7842.08 | 6467.52 | 6979 | 2.883 | 18645.86 | 20120.46 | 1474.6 |
| 7. | 11.8 | 67900.61 | 55997.63 | 67900.61 | 0.129 | 7223.69 | 8759.18 | 1535.49 |
| | | | Total | Work | Value | 369271.48 | 404206.94 | |
| | | | | Add | GST 12% | 44313 | 48505 | 4192 |
| | | | | | | Grand | Total | 39127 |

3.Project No:219/21(so),Ambalanada Thuravankadu Road Drainage Construction Ward13

Fund:Maintenence Fund( Road) Consolidated -600979,Expenditure- 600979

Vr.No.22001108/13.5.2020,Amt:365128

Vr.No.22001113/7.9.2020,Amt:235851

Name Of Lowest Quoted Contractor(L1)-I.K Tomy,Rate Quoted-481333.90

Agmt No.45/AE/LSGD/MYD/19-20 Dtd.26.09.19

Rate Quoted By MLCS-505345

M.Book No:275/17-18

| Item No. A | Estimate Items B | Estimate Rate C | Rate Quoted By L1 D | Rate Quoted By MLCS E | Actual Quantity Done As Per Mbook F | L1 Amt G D*F | MLCS Amt H E*F | Difference Amt H-F |
|---|---|---|---|---|---|---|---|---|
| | Drainage | In | Mord Roads | | | | | |
| 1. | 3.5.1 | 228.52cum | 188 | 227.93 | 124.04cum | 23319.52 | 28272.44 | 4952.92 |
| 2. | 11.4.1.1 | 6974.53cum | 5698 | 6224 | 20.98cum | 119544.04 | 130579.52 | 11035.48 |
| 3. | Od189815/2019_2020 | 7282.94cum | 5950 | 7000 | 6.10cum | 36295 | 42700 | 6405 |
| 4. | 11.4.2.1 | 6849.39cum | 5595 | 6200 | 45.16cum | 252670.2 | 279992 | 27321.8 |
| 5. | 11.4.4 | 7842.08cum | 6407 | 7842 | 1.317cum | 8438.019 | 10327.91 | 1889.89 |
| 6. | 11.8 | 67900.61/t | 55474 | 67900.61 | 0.196/t | 10872.9 | 13308.52 | 2435.62 |
| Extra Item | | | | | 4.74cum | | 6877.99 | |
| | | | Total | Value Of | Work Done | 451139.68 | 537782.15 | |
| | | | | Add | GST 12% | 54136.68 | 64533.86 | 10397 |
| | | | | | | Grand | Total | 64438 |

അപാകതകൾ ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.9/13-8-2021 ന് നൽകിയ മറുപടിയിൽ , ലേബർ സൊസൈറ്റി കൂടി പങ്കെടുത്ത ടെണ്ടറുകളിൽ കരാറുകാർ ക്വോട്ട് ചെയ്ത തുകയെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ശതമാനനിരക്കിലാക്കി ലോവസ്റ്റ് ബിഡ്ഡറും സൊസൈറ്റിയും തമ്മിലുള്ള വ്യത്യാസം 10% അധികരിക്കാതെ നോക്കിയാണ് സൊസൈറ്റിക്ക് വർക്ക് അനുവദിച്ചതെന്ന് അസി.എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് അസി.എഞ്ചിനീയർ പ്രൈസ് പ്രിഫറൻസ് കണക്കാക്കിയത്.11.8.2017ലെ ഉത്തരവിൽ "വ്യവസ്ഥകൾക്ക് വിധേയമായി സഹകരണ സംഘങ്ങൾക്ക് ത .സ്വ.ഭ സ്ഥാപനങ്ങളിലെ ടെണ്ടർ വർക്കുകൾക്ക് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത പ്രൈവറ്റ് കോൺട്രാക്ടറേക്കാൾ 10% അധിക നിരക്ക് അനുവദിച്ച് ഉത്തരവാകുന്നു"എന്നാണ് പറഞ്ഞിട്ടുള്ളത്.11.8.2017ലെ ഉത്തരവിന് ആധാരമായ 13.11.1997 ലെ GO(MS) No.135/97/Co-op ഉത്തരവ് ഖണ്ഡിക 8(b)(i) പറയുന്നത് When The Lowest Tender Is From A Private Contractor,Labour Contract Co-operative Society Will Be Awarded The Work At 10% Above The Lowest Tender ,if The Society Is Willing To Do The Work എന്നാണ്.അതായത് പ്രൈവറ്റ് കോൺട്രാക്ടർ ക്വാട്ട് ചെയ്തത് തുകയിലായാലും ശതമാന നിരക്കിലായാലും ഏറ്റവും കുറഞ്ഞതിനേക്കാൾ 10% അധികം വരെ സൊസൈറ്റികൾക്ക് അനുവദിക്കാമെന്നാണ്;പകരം അസി.എഞ്ചിനീയർ സ്വീകരിച്ച രീതിയല്ല.ഏറ്റവും കുറവ് ക്വോട്ട് ചെയ്ത കോൺട്രാക്ടറുടെ തുകയെ/നിരക്കിനെ അടിസ്ഥാനമാക്കിയാണ് പ്രൈസ് പ്രിഫറൻസ് കണക്കാക്കേണ്ടത്. എൻക്വയറി നം. 23 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ രണ്ട് ഉത്തരവുകളിൽ പ്രൈസ് പ്രിഫറൻസ് കണക്കാക്കേണ്ടത് ശതമാന നിരക്കിലാണോ അതോ തുകയുടെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തത ഉണ്ടായിരുന്നില്ലെന്ന് അസി.എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്.അവ്യക്തത ഉള്ള പക്ഷം എൽ.എസ്.ജി.ഡി എക്സി.എഞ്ചിനീയറുമായി ബന്ധപ്പെട്ട സ്പഷ്ടീകരണം തേടാമായിരുന്നു. രണ്ട് ഉത്തരവുകളിലും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കോൺട്രാക്ടറുടെ നിരക്ക് അല്ലെങ്കിൽ തുക ആയതിന്റെ 10% എന്ന് സ്പഷ്ടമാക്കിയിട്ടുണ്ട്.അപാകത സംഭവിച്ച 3വർക്കുകളിലും കോൺട്രാക്ടർമാർ തുകയാണ് ക്വോട്ട് ചെയ്തിരിക്കുന്നത്. അതിനെ ശതമാന നിരക്കിലാക്കി അവ തമ്മിലുള്ള വ്യത്യാസമാണ് പ്രൈസ് പ്രിഫറൻസിന് പരിഗണിക്കേണ്ടതെന്ന് പ്രസ്തുത ഉത്തരവുകളിൽ എവിടെയും നിർദ്ദേശമില്ല എന്നത് അസി.എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

GO(MS)No.41/2020/19.03.2020 ഉത്തരവിലെ ഖണ്ഡിക 2 എൻക്വയറി നം.23 ൽ പരാമർശിച്ചിരുന്നു. “The Approved Labour Contract Socities,depending Upon The Classof Registration, Participating In The Tenders Floated By Government Will Be Eligible For A Price Preference Upto @10% Over The Quotedamount Of The Lowest Bidder In The Matter Of Deciding The Successful Lowest Bidder” എന്ന നിബന്ധന ടെണ്ടർ വർക്കുകളുടെ സുതാര്യത വർദ്ധിപ്പിക്കുന്നതിനായി ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തണം എന്നാണ് പ്രസ്തുത ഉത്തരവ് പറയുന്നത്. അപാകത സംഭവിച്ച 3വർക്കുകളും മേൽ ഉത്തരവ് തീയതിക്കുമുൻപാണ് എഗ്രിമെന്റ് വെച്ചതെന്ന് അസി.എഞ്ചിനീയർ മറുപടിയിൽ പറയുന്നു. ഓഡിറ്റ് കണ്ടെത്തലിന് ഉപോൽബലകമായാണ് പ്രസ്തുത ഉത്തരവ് ഓഡിറ്റ് എക്വയറിയിൽ പരാമർശിച്ചത്; അല്ലാതെ പ്രൈസ് പ്രിഫറൻസ് കണക്കാക്കിയതിൽ സംഭവിച്ച അപാകതയും ഉത്തരവുമായി നേരിട്ട് ബന്ധപ്പെടുത്തിയിട്ടില്ല. 19.3.2020 ന ശേഷം നടന്ന ടെണ്ടറുകളിൽ മേൽ വ്യവസ്ഥ അസി.എഞ്ചിനീയർ നോട്ടിഫിക്കേഷനിൽ ഉൾപ്പെത്തിയിട്ടില്ല എന്ന വിവരം അസി.എഞ്ചിനീയറുടെ ശ്രദ്ധയിൽ പെടുത്തുന്നു. (ഖ.കാണുക)

മേൽ വിവരിച്ച കാരണങ്ങളാൽ എസ്റ്റിമേറ്റ് തുകയുടെ അടിസ്ഥാനത്തിൽ പ്രൈസ് പ്രിഫറൻസ് കണക്കാക്കി നടത്തിയ ടാബുലേഷനെ ന്യായീകരിച്ചുകൊണ്ടുള്ള അസി.എൻജിനീയറുടെ മറുപടി അംഗീകരിക്കാൻ കഴിയില്ല. മേൽപട്ടിക പ്രകാരം അധികം നൽകിയതായി കണക്കാക്കിയ ആകെ തുക (55641+39127+64438=1,59,206 രൂപ)നിരാകരിക്കുന്നു. ഓഡിറ്റിൽ നിരാകരിച്ച തുക പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ ടാബുലേഷൻ നടത്തി ഭരണസമിതി അംഗീകാരത്തിനു നൽകിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.9/13-8-2021, നം23/18-8-2021)

## 1-49 ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് മരാമത്ത് പ്രവൃത്തികൾ-യോഗ്യതാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

(I).8.2017ലെ സ.ഉ (സാധാ) നം. 2780/2017 ത.സ്വ.ഭ.വ പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ലേബർ സഹകരണ സംഘങ്ങൾക്ക് കുറഞ്ഞ നിരക്കുകൾ ക്വാട്ട് ചെയ്ത പ്രൈവറ്റ് കോൺട്രാക്ടറെക്കാൾ 10% അധികനിരക്കിന്റെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

(I)നിർമ്മാണ പ്രവർത്തനങ്ങൾ നേരിട്ട് ഏറ്റെടുത്ത് പൂർത്തീകരിക്കാൻ കഴിയുന്ന ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾക്കു മാത്രമേ മുൻഗണനാ ആനുകൂല്യങ്ങൾ അനുവദിക്കാൻ പാടുള്ളു .

(ii)ഏറ്റവും ഒടുവിലത്തെ സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന തുകയ്ക്കുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിരിക്കണം.

(A)A ക്ലാസ് ലേബർ സഹകരണ സംഘം-500 ലക്ഷം രൂപ

(B)B ക്ലാസ് ലേബർ സഹകരണ സംഘം-300 ലക്ഷം രൂപ

(C)C ക്ലാസ് ലേബർ സഹകരണ സംഘം-100 ലക്ഷം രൂപ

എന്നാൽ 2017 - 2018 വർഷത്തേക്ക് മാത്രം അർഹത കണക്കാക്കുന്നതിന് 2015-16 ,2016 - 17 വർഷങ്ങളിലെ നിർമ്മാണ പ്രവൃത്തികളുടെ ആകെ തുക പരിഗണിക്കാവുന്നതാണ്.

(iii)മേൽ കാര്യങ്ങൾ സാക്ഷ്യപ്പെടുത്തിക്കൊണ്ട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാറിൽ നിന്നുള്ള സാക്ഷ്യപത്രം ഓരോ ടെണ്ടറിന്റേയും കൂടെ ഹാജരാക്കേണ്ടതാണ്.

കൂടാതെ 13.11.1997 ലെ G.O(MS)No. 135/97/Co-op ഉത്തരവിലെ വ്യവസ്ഥകളും സൊസൈറ്റികളുടെ ടെണ്ടർ സ്വീകരിക്കുന്നതിൽ മാനദണ്ഡമാകേണ്ടതാണ്.

മേൽ ഉത്തരവ് വ്യവസ്ഥകളിൽ പറയുന്ന രേഖകൾ സഹിതമാണ് സംഘങ്ങൾ ടെൻഡറിൽ പങ്കെടുക്കേണ്ടത്. 2019 – 20, 2020 - 21 വർഷങ്ങളിലായി പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾ മറ്റത്തൂർ ലേബർ കോൺട്രാക്ട് സൊസൈറ്റിയും ചാലക്കുടി ലേബർ കോൺട്രാക്ട് സൊസൈറ്റിയും ഏറ്റെടുത്തിട്ടുണ്ട്. ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ഉത്തരവു വ്യവസ്ഥകൾ പാലിച്ചുവെന്ന് പൂർണ്ണമായി ഉറപ്പുവരുത്താതെ പ്രവൃത്തി അനുവദിച്ചതായി കാണുന്നു.

1.ചാലക്കുടി ബിൽഡേഴ്സ് സഹകരണസംഘം ഹാജരാക്കിയത് പ്രസിഡന്റ് ശ്രീ.കെ.വി.ഗോപിയുടെ Contractors Registration Card ആണ്.ആയതു പ്രകാരം രജിസ്ട്രേഷൻ 31. 3. 2017 വരെ മാത്രമാണ്. മുകുന്ദപുരം അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ) 9. *2. 18ന്* നൽകിയ സാക്ഷ്യ പത്രത്തിൽ ആർ 1384 ചാലക്കുടി ബിൽഡേഴ്സ് സഹകരണ സംഘം 2017 - 18 സാമ്പത്തിക വർഷത്തിൽ 1,08,20,047 രൂപയുടെ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയതായി മാത്രമേ പറയുന്നുള്ളൂ. 2019-20, 2020-21 വർഷങ്ങളിൽ എഗ്രിമെൻറ് വെച്ച പ്രവൃത്തികൾക്ക് മേൽ രേഖ പരിഗണിക്കാവുന്നതല്ല.തൊട്ടു മുൻപത്തെ സാമ്പത്തികവർഷത്തിൽ ക്ലാസ്സ് രജിസ്ട്രേഷൻ പ്രകാരമുള്ള തുകയ്ക്കുള്ള നിർമ്മാണപ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മേൽ കാര്യം ചൂണ്ടിക്കാണിച്ച ഓഡിറ്റ് എൻക്വയറി (നം. 9/13.8.2021) ക്കു നൽകിയ മറുപടിയോടൊപ്പം ലഭ്യമാക്കിയ ഏതാനും പകർപ്പുകൾ ആധികാരികമാണെന്ന് ഉറപ്പു വരുത്താൻ കഴിയുന്നവയല്ല.

2.മറ്റത്തൂർ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ സർട്ടിഫിക്കറ്റ് അസി. രജിസ്ട്രാർ (ജനറൽ) ചാലക്കുടി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് 5.8.2019 നാണ്. ആയതിലും 2017 - 18 ൽ 300 ലക്ഷത്തിന്റെ പ്രൊജക്ടുകൾ പൂർത്തിയാക്കിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ രേഖ തന്നെയാണ് 2019 -20 , 2020-21 ടെണ്ടറുകൾക്കൊപ്പവും വെച്ചിരിക്കുന്നത്. പ്രസ്തുത വർഷങ്ങളിലേക്ക് പരിഗണിക്കാവുന്ന സാക്ഷ്യപത്രം പുതുക്കി ലഭ്യമാക്കിയെന്ന് അസി.എഞ്ചിനീയർ ഉറപ്പു വരുത്തേണ്ടതായിരുന്നു.

3.സൊസൈറ്റികളുടെ പ്രവർത്തന മേഖല അവരുടെ ബൈലോയിൽ കൃത്യമായി രേഖപ്പെടുത്തിയിരിക്കും. അപ്രകാരം നിശ്ചയിച്ച പ്രവർത്തന മേഖലയിൽ മാത്രമേ വർക്ക് ഏറ്റെടുക്കാൻ പാടുള്ളുവെന്ന് 13.11.1997 ലെ ഉത്തരവിലെ ഖ. 4 (V) ൽ പറയുന്നു. മറ്റത്തൂർ ലേബർ സൊസൈറ്റിയുടെ സാക്ഷ്യപത്രത്തിൽ മാത്രമാണ് പ്രവർത്തന മേഖല വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളത്.ചാലക്കുടി ലേബർ സൊസൈറ്റിയുടെ സാക്ഷ്യപത്രത്തിൽ

അക്കാര്യം രേഖപ്പെടുത്തിയിട്ടില്ല.

ക്രമ നം 1,2,3 ൽ പരാമർശിച്ച രേഖകൾ സൊസൈറ്റിയിൽ നിന്നും ലഭ്യമാക്കി സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ് .

4.19.3.2020ലെ പബ്ലിക് വർക്സ് (H) ഡിപ്പാർട്ടുമെന്റ് G.O.(Ms)No.41/2020/PWDഉത്തരവു പ്രകാരം എല്ലാ ടെണ്ടർ പരസ്യങ്ങളിലും "കുറവു ക്വോട്ട് ചെയ്ത വിജയിയായ കരാറുകാരനെ തീരുമാനിക്കുന്ന അവസരത്തിൽ ക്ലാസ്സ് ഓഫ് രജിസ്ട്രേഷൻ പ്രകാരം അംഗീകൃതമായ ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് ടെണ്ടറിൽ പങ്കെടുത്ത ലോവസ്റ്റ് ബിഡ്ഡർ ക്വോട്ട് ചെയ്ത തുകയേക്കാൾ 10% കൂടുതൽ വരെ പ്രൈസ് പ്രിഫറൻസ് അനുവദിക്കുന്നതാണെന്ന" വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിലെ 2020-21 ടെണ്ടർ നോട്ടിഫിക്കേഷനിലും മേൽ വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 1-50 പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത സ്ഥലത്ത് നിർമ്മാണം-അനുബന്ധരേഖകൾ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം.220-21(so){proj.no 57/20{2019-20}

1,3,5,6,7,9,10,15 വാർഡുകളിൽ റാമ്പ് നിർമ്മാണം

നിർവ്വഹണം -അസി.എഞ്ചിനീയർ

ഭരണാനുമതി നം. -01/11.12.2018

സാങ്കേതികാനുമതി - TS No.-63700/2019-20

പദ്ധതി അടങ്കൽ -4,90,000/- (സി.എഫ്.സി ഗ്രാന്റ്)

ചെലവ്-1,36,338 (വൗച്ചർ നം.22001098/6.8.2020)

എഗ്രിമെന്റ് നമ്പർ - 78/AE/LSGD/MYD/19-20 Dt.29.10.19

എം.ബി നം. 105/18-19

കരാറുകാരൻ-കെ.കെ.രാജേന്ദ്രൻ

പാടശേഖരസമിതികളുടെ ആവശ്യപ്രകാരം മേൽപറഞ്ഞ വാർഡുകളിൽ, പാടത്തേയ്ക്ക് ട്രാക്ടർ, കൊയ്ത്തുമെഷീൻ എന്നിവ ഇറങ്ങുന്നതിനായി റാമ്പ് നിർമ്മിക്കുന്നതിനാണ് പ്രൊജക്റ്റ് ലക്ഷ്യമിട്ടത്. 2020-21ൽ സ്പിൽ ഓവറായി തുടർന്ന പ്രവൃത്തിപ്രകാരം വാർഡ് 6 ൽ മാത്രം റാമ്പ് നിർമ്മിച്ച് പാർട്ട് ബിൽനൽകി നിർത്തിയിരിക്കുന്നതായി കാണുന്നു. മുരിയാട്-ആനക്കല്ലി-കാവിൽപാടം വട്ടപ്പറമ്പ് നെല്ലുൽപ്പാദക സംഘത്തിന്റെ 24.9.2019ലെ അപേക്ഷ പരിഗണിച്ചാണ് പ്രസ്തുതനിർമ്മാണം നടത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് രൂപീകരണ ഫോറത്തിൽ ആസ്തിയുടെ ഉടമസ്ഥാവകാശം പ്രൊജക്റ്റ് നിർവ്വഹണം നടത്തുന്ന ത.സ്വ.ഭ.സ്ഥാപനം എന്ന് (ക്രമ.നമ്പർ.35) കാണിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്ത് ആസ്തി രജിസ്റ്ററിലെ യുണീക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. (ക്രമ.നമ്പർ.36) എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയർ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വസ്തുതകൾ വിലയിരുത്തുകയോ, എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശിക്കുകയോ, ആയത് പഞ്ചായത്തിൽ നിക്ഷിപ്തമാണെന്ന് ഉറപ്പുവരുത്തുകയോ ചെയ്തതായി രേഖപ്പെടുത്തലില്ല. പാടശേഖരസമിതിയുമായി ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള കരാർ ഉണ്ടാക്കിയതായി രേഖയില്ല. ഭരണസമിതി തീരുമാനം സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2.MB No.16 പ്രകാരം പാർട്ട് ബില്ലാണ് നൽകിയത്. 21.3.20 ൽ അവസാന ചെക്ക് മെഷർമെന്റ് നടത്തി ബിൽ തുക 6.8.2020 ന് കോൺട്രാക്ടർക്ക് കൈമാറി. തുടർന്ന് പ്രവൃത്തി നടന്നിട്ടില്ല. സ്പിൽ ഓവർ പ്രൊജക്ടായതിനാൽ തൻവർഷം പൂർത്തിയാക്കേണ്ടതായിരുന്നു. വകയിരുത്തിയ CFC ഗ്രാന്റ് തുക പൂർണ്ണമായി പ്രയോജനപ്പെടുത്താനായില്ല.

3.ഗ്രാമശ്രീ പാടശേഖരസമിതിക്ക് മോട്ടോർ ഷെഡ് നിർമ്മാണം (Proj.No.179/21(so))Ward 7) പ്രകാരം 357934 രൂപ ചെലവിൽ പാടശേഖരസമിതിക്ക് മോട്ടോർ ഷെഡ് നിർമ്മിച്ച് കൈമാറിയിട്ടുണ്ട്. ക്രമ.നം 1 അപാകതകൾ ആവർത്തിക്കുന്നു. പഞ്ചായത്തിന്റെതല്ലാത്ത ആസ്തി നിർമ്മിച്ചെങ്കിലും വൗച്ചർ നമ്പർ 22000342/12-4-2020 പ്രകാരം 4ൽ ഉടങ്ങുന്ന ആസ്തി ശീർഷകത്തിൽ (410400102) Drinking Water-Reservoiers (ഇതു കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്റ്റ് അല്ല, പഞ്ചായത്തിന്റെ ആസ്തിയുമല്ല.) എന്നും തെറ്റായി ബുക്ക് ചെയ്തിരിക്കുന്നു. കരാർ ഇല്ലാതെ പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത സ്ഥലത്ത് നിർമ്മാണം നടത്തി നൽകുന്നതിനെ സാധൂകരിക്കുന്ന സർക്കാർ ഉത്തരവുകൾ, ഭരണസമിതി തീരുമാനങ്ങൾ ഉണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി അപൂർണ്ണമാണ്. (ലഭിച്ച തീയതി:18-3-2021) 1,3,5 വാർഡുകളിൽ റാമ്പ് നിർമ്മിക്കുന്നതിനായി പാടശേഖരസമിതിയുടെ സമ്മതപത്രം ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചില്ലയെന്നും ആയതിന് വാർഡു മെമ്പർമാരെ ചുമതലപ്പെടുത്തിയ ഭരണസമിതി തീരുമാനമാണ് ലഭ്യമാക്കിയിട്ടുള്ളത്. റാമ്പുകളുടെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ സമയത്ത് ലഭ്യമാവാതിരുന്നതിനാലാണ് പ്രവൃത്തി സ്പിൽ ഓവർ ആയതെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ആസ്തിയുടെ ഉടമസ്ഥത സംബന്ധിച്ച് വ്യക്തമായ വിശദീകരണം നൽകിയിട്ടില്ല. പ്രവൃത്തി ഓഡിറ്റ് തീയതിയിലും പാർട്ട് ബില്ലായി തുടരുന്നു. ഖണ്ഡിക പരാമർശങ്ങളിൽ സ്വീകരിച്ച തുടർനടപടിയുടെ വിവരം ആദ്യ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-51 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം-അപാകതകൾ

വിവിധ കാനനിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം സംബന്ധിച്ച് അളവുപുസ്തകത്തിലെ രേഖപ്പെടുത്തലുകളെ സാധൂകരിക്കുന്ന ഭരണസമിതി തീരുമാനങ്ങൾ / ലേലവിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.8/13.8.21)നൽകിയതിനു ലഭ്യമാക്കിയ മറുപടിയും ഒപ്പം ഹാജരാക്കിയ രേഖകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർത്തിരിക്കുന്ന പട്ടികയുടെ റിമാർക്സ് കോളത്തിൽ ചേർത്തിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് നം/പേര് | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് M3 | MB No./Page No/റിമാർക്സ് |
|---|---|---|---|
| 1. | 206/21(so)<br>മുരിയാട് കപ്പാറ റോഡ് കാന നിർമ്മാണം വാർഡ് 6 | 55.42m3 | 106/18-19/4<br>ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 2.7.2021 ലെ തീരുമാനപ്രകാരം ജില്ലാ പഞ്ചായത്ത് പ്രവൃത്തിയായ തങ്കരാജ് കോളനി ഇൻഡോർ സ്റ്റേഡിയത്തിന്റെ Basement Filling നായി അടിയന്തിരമായി ഉപയോഗിക്കേണ്ടി വന്നത് സാധൂകരിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രവൃത്തിക്കായി മണ്ണ് ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തോ നടപടി ക്രമമോ ഫയലിൽ ലഭ്യമല്ല.മേൽ പ്രവൃത്തിക്കു ഉപയോഗിച്ച 37.74 M3 മണ്ണ് കഴിച്ച് ബാക്കി 17.50 M 3 മണ്ണ് ലേല നടപടിയിൽ(10.2.21 ലെ ലേല നോട്ടീസ് ക്രമ നം. 3) ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് തിയതിയിലും ലേലം പോയിട്ടില്ല. |
| 2. | 219/21(so)<br>അമ്പല നട ഉറവൻകാട് റോഡ് കാന നിർമ്മാണം<br>വാർഡ് 13 | 124.04m3 | 275/17-18/4<br>പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി നീക്കിയ മണ്ണ് റോഡിന്റെയും കാനയുടേയും ഇടയിലുള്ള ഭാഗം - ഫിൽ ചെയ്തതിനു ശേഷമുള്ള മണ്ണ് 15 M3 10.2.21 ലെ ലേല നോട്ടീസിൽ ക്രമ നം. 3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ലേലം പോയിട്ടില്ല. |
| 3. | 190/21(so)<br>പനമ്പിള്ളി നഗർ റോഡ് ഡ്രെയിനേജ് സൈഡ് പ്രൊട്ടക്ഷൻ റീടാറിങ്ങ് വാർഡ് 3 | 84.48m3 | 109/18-19/16<br>മറുപടി തൃപ്തികരമാണ്.<br>ബേം ഫില്ലിംഗിന് ഉപയോഗിച്ച് ബാക്കി മതിക്കാട്ടിക്കുളം റോഡ്സൈഡിൽ നിക്ഷേപിച്ചത് 25.1.2020ലെ സ്റ്റിയറിംഗ് കമ്മിറ്റിയുടെ 5-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചത് ലഭ്യമാക്കിയിട്ടുണ്ട്. |
| 4. | പുല്ലൂർ മിഷൻ ആശുപത്രി ഉറവൻകാട് റോഡ് കാന നിർമ്മാണംവാർഡ് 12&14 | ഐറിഷ് ഡ്രെയിൻ- 54.03m3 | 276/17-18/5,10<br>മുല്ലക്കാട് ആൽമരത്തിനു സമീപം സ്റ്റാക്ക് ചെയ്തു റിപ്പോർട്ട് ചെയ്തു.<br>എം. ബുക്കു പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത് മേൽ പ്രകാരമാണെങ്കിലും മറുപടിയിൽ പരാമർശിക്കുന്ന13.1. 2021 ലെ കത്തിൽ റോഡിന്റെ വശങ്ങളിൽ നിന്നും മാറ്റിയ മണ്ണ് 42 M3 രാജീവ് പള്ളിപ്പുറത്തുകാരൻ W13 പുല്ലൂർ എന്നയാളുടെ പറമ്പിൽ കൂട്ടിയിട്ടു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.പ്രസ്തുത മണ്ണ് 16.12.19 |

| | | | |
|---|---|---|---|
| | | | തിയ്യതിയിലെ ലേല നടപടികളിൽ ഉൾക്കൊള്ളിച്ചതായി മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.<br>എന്നാൽ 16.12.19 ലെ ലേലത്തിന്റെ വാലേ്വഷൻ റിപ്പോർട്ടിൽ ക്രമ നം.2 പ്രകാരം 21m3 മാത്രമാണ് പ്രസ്തുത പ്രവൃത്തിയുടേതായിചേർത്തിരിക്കുന്നത്<br>എം.ബുക്കിൽ രേഖപ്പെടുത്തിയതിൽ തെറ്റു സംഭവിച്ചു പോയിട്ടുള്ളതായി എ. ഇ അറിയിക്കുന്നുണ്ട്. 2020-21 ലേക്ക് സ്പിൽ ഓവറായ പ്രവൃത്തിയിൽ ഓപ്പൺ ഡ്രെയിൻ ചെയ്യപ്പോഴുണ്ടായ മണ്ണാണ് 104.57 M3 മുല്ലക്കാട് ആൽ മരത്തിനു സമീപം Stack ചെയ്തതെന്ന് മറുപടിയിൽ നിന്നും വ്യക്തമാകുന്നു.എം.ബുക്കിലെ രേഖപ്പെടുത്തലും ഓഡിറ്റിന് ലഭ്യമാക്കിയ മറുപടിയും പഞ്ചായത്തിലെ ലേല രേഖകളും പൊരുത്തപ്പെടുന്നില്ല. |
| | | ഓപ്പൺ ഡ്രെയിൻ-104.57m3 | തുടർനടപടിക്കായി കമ്മിറ്റിക്കു റിപ്പോർട്ട് ചെയ്തു.എം. ബുക്കു പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത് മേൽ പ്രകാരമാണെങ്കിലും ആയതിൽ തെറ്റു സംഭവിച്ചു പോയിട്ടുള്ളതായി എ. ഇ അറിയിക്കുന്നുണ്ട്.<br>എം.ബുക്കിലെ രേഖപ്പെടുത്തലും ഓഡിറ്റിന് ലഭ്യമാക്കിയ മറുപടിയും പഞ്ചായത്തിലെ ലേല രേഖകളും പൊരുത്തപ്പെടുന്നില്ല.104.57 M3<br>മണ്ണിന്റെ വിനിയോഗം സംബന്ധിച്ച മറുപടി തൃപ്തികരമല്ല. |
| 5. | A1 റോഡ് കാന നിർമ്മാണം വാർഡ് 7,16 | 97.53m3<br>61.58m3<br>159.11m3 | 274/17-18/pg3<br>274/17-18/pg24<br>മുരിയാട് കപ്പാറ കോൾനിലം റാമ്പ് ഫോർമേഷന് ഉപയോഗിക്കാൻ തീരുമാനിച്ചു.<br>(Resln Dt.31.1.20)<br>4.2.2020ലെ ഭരണ സമിതി തീരുമാനം പ്രകാരം സാധൂകരണം നൽകി.റാമ്പുകൾ പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത സ്ഥലത്താണ് സ്ഥിതി ചെയ്യുന്നതെന്ന വസ്തുത നിലനിൽക്കുന്നു.വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു |

മേൽ പട്ടിക പ്രകാരമുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വാർഷിക കണക്കു പ്രകാരം 2019 -2020, 2020 - 2021 വർഷങ്ങളിൽ മണ്ണു ലേലത്തിൽ വരവുള്ളത് 43990 രൂപ മാത്രമാണ്. 2.6.2020ലെ 2/1തീരുമാനപ്രകാരം 2019 -20 വർഷത്തെ ഫാം വാലി റോഡ് ഐറിഷ് കാന കോൺ ക്രീറ്റിംഗ് W9 എന്ന പ്രവൃത്തിയിലെ 166m 3 മണ്ണ് ലേലം ചെയ്ത് ആന്റോ നെല്ലിശ്ശേരി എന്നയാൾക്ക് 265/m3 നിരക്കിൽ നൽകിയതിന്റെ തുകയാണ് അത്. 2019 -20 പ്രവൃത്തികളിൽ നിന്നുള്ള മണ്ണ് 16.12.19, 14.5.20 തിയ്യതികളിൽ ലേല നടപടികൾക്കായി നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. 2020-21 ൽ 10.2.21 തിയ്യതിയിലും ലേല നോട്ടീസ് പുറപെടുവിച്ചു കാണുന്നു. എന്നാൽ മണ്ണ് ലേലം പോയിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ലേലനോട്ടീസുകൾ, വാലേ്വഷൻ റിപ്പോർട്ടുകൾ പ്രകാരം ഇനിയും 299 M3 മണ്ണ് ( വാലേ്വഷൻ തുക 62657 രൂപ ) ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പൊതുസ്ഥലങ്ങളിൽ ഉറന്നയിടങ്ങളിൽ സംഭരിക്കപ്പെടുന്ന മണ്ണ് പ്രതികൂല കാലാവസ്ഥയിൽ നഷ്ടപ്പെടാനുള്ള സാധ്യത ഏറെയായതിനാൽ ഭാവിയിൽ സമയബന്ധിതമായി ലേലനടപടികൾ പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-52 മഴക്കാല പൂർവ്വ ശുചീകരണം -ആനന്ദപുരം സി.എച്ച്.സി സൂപ്രണ്ടിന് കൈമാറിയ തുകയുടെ ചെലവുരേഖകൾ ലഭ്യമാക്കേണ്ടതാണ്.

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് ആനന്ദപുരം സി.എച്ച്.സി സൂപ്രണ്ടിന് തുക കൈമാറിയതായി കാണുന്നു.

വൗച്ചർ നം:22000080/4.05.2020 തുക 170000(ശുചിത്വ ഫണ്ട്)

(ചെക്ക് നം:500181/30.4.20)

വൗച്ചർ നം:22000081/ 4.05.2020 തുക 85000(തനതു ഫണ്ട്)

(ചെക്ക് നം:500182/4.5.20)

പഞ്ചായത്തിലെ എ. സി.ആർ രജിസ്റ്റർ ACRgr UC/PL-05 ൽ രണ്ടുവർഷങ്ങളിലേക്കുമുള്ള മെഡിക്കലോഫീസറുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഒരേ നമ്പറിൽ വർഷം മാത്രം മാറ്റിയെഴുതിയത് (നം.ബി-474/2021/8.04.2021) ഉൾചേർത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ശുചിത്വ മിഷൻ ഫണ്ട് ചെലവിന്റെ

വൗച്ചറുകളും പ്രവർത്തന റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതുവരെ ചെലവു തുക 255000 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നം.27/18.7.2021)

## 1-53 സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റുകൾ- ഫയൽ സൂക്ഷിപ്പ് കൃത്യമല്ല.

സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റുകളുടെ ഫയൽ സൂക്ഷിപ്പ് കൃത്യമല്ല. ഓരോ പ്രോജക്റ്റുകളുടെയും ചെലവ് രേഖകൾ അതാത് പ്രോജക്റ്റുകളോടൊപ്പം സൂക്ഷിക്കുന്ന രീതിയിൽ ഫയലുകൾ സൂക്ഷിക്കുന്നില്ല.ഇത് മൂലം തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച പല പ്രോജക്റ്റുകളുടെയും ചെലവ് രേഖകൾ ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.തനത് ഫണ്ടിൽ ഈ പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട വൌച്ചറുകളുടെ വിശദാംശങ്ങളും സ്ഥാപനത്തിന് അറിയിക്കാൻ സാധിച്ചില്ല.ഇത് മൂലം പരിശോധിക്കാൻ സാധിക്കാത്ത ഇനങ്ങളുടെ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്.ISO നേടിയ മുരിയാട് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റുകളുടെ ഫയലിൽ ലഭ്യമല്ലാത്ത രേഖകൾ/ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ട ശേഷം ഓരോ പേജുകളായോ അല്ലെങ്കിൽ മറ്റേതെങ്കിലും ഫയൽ കെട്ടുകളിൽ നിന്ന് എടുത്ത് ഹാജരാക്കുന്നത് ശ്രദ്ധയിൽപ്പെട്ടു.ഇത് ഒഴിവാക്കാവുന്നതാണ്.ജീവനക്കാരുടെ സ്ഥലം മാറ്റം,വിരമിക്കൽ എന്നിവ സ്ഥാപനത്തിന്റെ തുടർച്ചയെയും രേഖകളുടെ ലഭ്യതയേയും ബാധിക്കാത്ത രീതിയിൽ ഫയൽ സൂക്ഷിപ്പ് കൃത്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 5തീയ്യതി 12/8/2021 മുഖേന ഈ വിവരം ശ്രദ്ധയിൽപ്പെടുത്തി, മറുപടി ലഭിച്ചില്ല.)

## 1-54 കൃത്യമായ അക്കൗണ്ടിംഗ് ശീർഷകങ്ങളിൽ ബുക്ക് ചെയ്യാത്ത ഇടപാടുകൾ-ധനകാര്യ പത്രികയുടെ കൃത്യതയെ ബാധിക്കുന്നു.

സ്ഥാപനത്തിന്റെ ഒരു സാമ്പത്തീക വർഷത്തെ വാർഷികകണക്കുകൾ ആ സ്ഥാപനത്തിന്റെ ആ വർഷത്തെ പ്രവർത്തനങ്ങൾ, പ്രവർത്തന ഫലം, വർഷാന്ത്യ ധനകാര്യ സ്ഥിതി എന്നിവ വെളിവാക്കുന്നു. ധനകാര്യ ഇടപാടുകൾ കൃത്യമായ ശീർഷകങ്ങളിൽ ബുക്ക് ചെയ്തെങ്കിൽ മാത്രമേ സ്ഥാപനത്തിന്റെ വാർഷിക കണക്കുകൾ മേൽ പ്രകാരം സാഥാപനത്തിന്റെ സാമ്പത്തീക ചിത്രം കൃത്യമായി പ്രതിഫലിപ്പിക്കൂ. മുരിയാട് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി നടപ്പാക്കിയ പ്രൊജക്റ്റുകളുടെ ചെലവുകൾ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ ശീർഷകത്തിൽ പരിശോധിച്ചതിൽ തെറ്റായി ബുക്ക് ചെയ്തതിനാൽ വാർഷിക കണക്കിനെ ബാധിക്കുന്നതായി കണ്ടെത്തിയ രേഖപ്പെടുത്തലുകൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി5, തീ.12.08.2021, മറുപടി ലഭ്യമാക്കിയില്ല.)
നിർവ്വഹണം – സെക്രട്ടറി

| ക്ര.നം. | പ്രൊജക്റ്റ് | വൗച്ചർ നമ്പർ | തീയതി | തുക | ബുക്ക് ചെയ്ത ശീർഷകം | ഓഡിറ്റ് നിരീക്ഷണം | നിർദ്ദേശിക്കുന്ന തുടർ നടപടി |
|---|---|---|---|---|---|---|---|
| 1 | 03/21-ഗ്രാമ പഞ്ചായത്തിലേക്ക് പ്രൊജക്ടർ വാങ്ങൽ | 22001296 | 3/3/21 | 48267 | "251600601-General Economic Services- Good Governance – General" | പഞ്ചായത്തിന്റെ സ്ഥിരാസ്തിയിൽ ഉൾപ്പെടുത്താവുന്നതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ വരത്തക്ക രീതിയിൽ ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തത് ശരിയല്ല. ഇപ്രകാരം ചെയ്തതിനാൽ ബാലൻസ്ഷീറ്റിൽ ആസ്തികളുടെ ഇനത്തിൽ ഉൾപ്പെടാതെ പോകുന്നു. | 2021-22 സാമ്പത്തിക വർഷത്തിൽ ഇത് ബാലൻസ് ഷീറ്റിൽ കൊണ്ട് വരരേണ്ടതിന് ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതും ഉചിതമായ യോജിച്ച "Prior Period Items" എന്ന ശീർഷകത്തിൽ ക്രെഡിറ്റ് നൽകേണ്ടതുമാണ്. |
| 2 | 21/21-ഊരകം സെന്ററിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 4200019322001263 | 02-Mar-2021 02.03.2021 | 299988 | ഹൈമാസ്റ്റ് ലൈറ്റ് എന്ന ആസ്തി സ്ഥാപിച്ചത് ബുക്ക് ചെയ്തിരിക്കുന്നത് "252100101 Energy Electrification Of Street Lights-General" എന്ന ചെലവ് ശീർഷകത്തിലാണ്. | പഞ്ചായത്തിന്റെ സ്ഥിരാസ്തിയിൽ ഉൾപ്പെടുത്താവുന്നതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ വരത്തക്ക രീതിയിൽ ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തത് ശരിയല്ല. ഇപ്രകാരം | 2021-22 സാമ്പത്തീക വർഷത്തിൽ ഇത് ബാലൻസ് ഷീറ്റിൽ കൊണ്ട് വരരേണ്ടതിന് ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതും ഉചിതമായ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | ചെയ്തതിനാൽ ബാലൻസ്ഷീറ്റിൽ ആസ്തികളുടെ ഇനത്തിൽ ഉൾപ്പെടാതെ പോകുന്നു. | യോജിച്ച "Prior Period Items" എന്ന ശീർഷകത്തിൽ ക്രെഡിറ്റ് നൽകേണ്ടതുമാണ്. ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്. |
| 3 | 108/21-മുരിയാട് ഗ്രാമത്തിലെ വിവിധ വാർഡുകളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ | 22001014<br>22000622 | 26.08.20<br>28.09.20 | 450000<br>16815 | തനത് ഫണ്ടിൽ നിന്ന് നൽകിയ 16815 തെറ്റായി "252100101 Energy-Electrification Of Street Lights-General" എന്ന ശീർഷകത്തിലും ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും നൽകിയ 450000രൂപ "410600103 Electricity -Lamp Posts" എന്ന ശീർഷകത്തിലും ചേർത്തിരിക്കുന്നു. | പഞ്ചായത്തിന്റെ സ്ഥിരാസ്തിയിൽ ഉൾപ്പെടുത്താവുന്നതിനാൽ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച 16815രൂപ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ വരത്തക്ക രീതിയിൽ ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തത് ശരിയല്ല. ഇപ്രകാരം ചെയ്തതിനാൽ ബാലൻസ്ഷീറ്റിൽ ആസ്തികളുടെ ഇനത്തിൽ ഉൾപ്പെടാതെ പോകുന്നു. | 2021-22 സാമ്പത്തീക വർഷത്തിൽ ഇത് ബാലൻസ് ഷീറ്റിൽ കൊണ്ട് വരേണ്ടതിന് 16815രൂപ ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതും ഉചിതമായ യോജിച്ച "Prior Period Items" എന്ന ശീർഷകത്തിൽ ക്രെഡിറ്റ് നൽകേണ്ടതുമാണ്. ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്. |
| 4 | 240/21 പകൽ വീടിന് ഭൗതിക സാഹചര്യം ഒരുക്കൽ | 22001017 | 26/08/20 | 62942 | പഞ്ചായത്തിന്റെ ആസ്തിയിലുള്ള പകൽ വീടിന്റെ സൗകര്യ വികസനം ആയതിനാൽ "251300101 Housing -General " എന്ന ചെലവു ശീർഷകത്തിൽ തുക ബുക്ക് ചെയ്തത് ശരിയല്ല. | പഞ്ചായത്തിന്റെ സ്ഥിരാസ്തിയിൽ ഉൾപ്പെടുത്താവുന്നതിനാൽ ഇൻകം& എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ വരത്തക്ക രീതിയിൽ ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തത് ശരിയല്ല. ഇപ്രകാരം ചെയ്തതിനാൽ ബാലൻസ്ഷീറ്റിൽ ആസ്തികളുടെ ഇനത്തിൽ ഉൾപ്പെടാതെ പോകുന്നു. | 2021-22 സാമ്പത്തിക വർഷത്തിൽ ഇത് ബാലൻസ് ഷീറ്റിൽ കൊണ്ട് വരേണ്ടതിന് ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതും ഉചിതമായ യോജിച്ച "Prior Period Items" എന്ന ശീർഷകത്തിൽ ക്രെഡിറ്റ് നൽകേണ്ടതുമാണ്. |
| 5 | 256/21-124ാം അങ്കണവാടി കുടിവെള്ള പദ്ധതി | 22001430 | 27/2/21 | 49000 | കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ "251200801 | പഞ്ചായത്തിന്റെ സ്ഥിരാസ്തിയിൽ ഉൾപ്പെടുത്താവുന്നതിനാൽ ഇൻകം & | 2021-22 സാമ്പത്തിക വർഷത്തിൽ ഇത് ബാലൻസ് |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | Drinking Water-General എന്ന ചെലവു ശീർഷകത്തിലേക്ക് ബുക്ക് ചെയ്തിരിക്കുന്നു. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ അത് “Advance To Implimenting Agencies-Ground Water Authority” എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്യേണ്ടിയിരുന്നത്. | എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ വരത്തക്ക രീതിയിൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തത് ശരിയല്ല. ഇപ്രകാരം ചെയ്തതിനാൽ ബാലൻസ്ഷീറ്റിൽ ആസ്തികളുടെ ഇനത്തിൽ ഉൾപ്പെടാതെ പോകുന്നു. | ഷീറ്റിൽ കൊണ്ട് വരേണ്ടതിന് ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതും യോജിച്ച “Prior Period Items” എന്ന ശീർഷകത്തിൽ ക്രെഡിറ്റ് നൽകേണ്ടതുമാണ്. |
| 6 | 27/21-സ്ട്രീറ്റ് ലൈൻ മെയിൻ എക്സ്റ്റെൻഷൻ | 22001019 | 17/8/21 | 53178 | കെ.എസ്.ഇ.ബിക്ക് ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുക പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മുമ്പ് 410600102 Electricity -Line Extension എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി. | പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മുമ്പ് ആസ്തിയായി രേഖപ്പെടുത്തിയതിനാൽ മുൻകൂർ ക്രമീകരിക്കുന്നത് നിരീക്ഷിക്കാൻ സാധിക്കുന്നതല്ല. മാത്രമല്ല 31.03.2021ൽ പണി പൂർത്തീകരിക്കാത്ത ആസ്തി ബാലൻസ് ഷീറ്റിൽ സ്ഥിരാസ്തിയായി ഉൾപ്പെട്ടു. | 2021-22 സാമ്പത്തിക വർഷത്തിൽ ഉചിതമായ Advance ശീർഷകത്തിൽ ഉൾപ്പെടുത്തി (ഡെബിറ്റ് ) തെറ്റായി രേഖപ്പെടുത്തിയ ആസ്തി 410600102 Electricity – Line Extension കുറവ് ചെയ്യേണ്ടതാണ്. (ക്രെഡിറ്റ് ) |
| 7 | 2/21 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 22001177 | 3.02.21 | 160516 | കെൽട്രോണിന് തുക നൽകി എന്നാൽ നാളിതുവരെ സാധനങ്ങൾ സപ്ലൈ ചെയ്തിട്ടില്ല. | കെൽട്രോണിന് മുൻകൂറായി തുക നൽകിയെങ്കിലും തുക ബുക്ക് ചെയ്തിരിക്കുന്നത് “251600701 General Economic Services – Computerisation Of LSGIs And Transferred Institutions – Gneral” എന്ന ചെലവ് ശീർഷകത്തിലാണ്. ഉചിതമായ “4....Advance ...”ബുക്ക് ചെയ്യേണ്ടിയിരുന്നത്. തെറ്റായി ബുക്ക് ചെയ്തതിനാൽ 31.03.2021ലെ ബാലൻസ് ഷീറ്റിൽ | 2021-22 സാമ്പത്തിക വർഷത്തിൽ ഇത് ബാലൻസ് ഷീറ്റിൽ കൊണ്ട് വരേണ്ടതിന് ഉചിതമായ “Advance” ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതും യോജിച്ച “Prior Period Items” എന്ന ശീർഷകത്തിൽ ക്രെഡിറ്റ് നൽകേണ്ടതുമാണ്. |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | ലഭിക്കാത്ത ആസ്തി ലഭിച്ചതായി രേഖപ്പെടുത്തുന്നതിനും മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ ആസ്തി ലഭിക്കുന്നത് നിരീക്ഷിക്കുന്നതിനും സാധിക്കാതെ വന്നു. | |

## 1-55 കെൽട്രോണിന് മുൻകൂർ- നാളിതുവരെ കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടില്ല.-160516 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം-സെക്രട്ടറി

| ക്ര.ന | പ്രോജക്റ്റ് | വൌച്ചർ നമ്പർ | തീയ്യതി | ചെലവ് തുക |
|---|---|---|---|---|
| 1 | 2/21- കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 22001177 | 3/2/21 | 160516 |

സെക്രട്ടറി മേൽ പ്രകാരം നടപ്പാക്കിയ പ്രോജക്റ്റിൽ 4 കമ്പ്യൂട്ടറുകൾ കെൽട്രോണിൽ നിന്ന് വാങ്ങുന്നതിന് മുൻകൂർ ആയി 160516 രൂപ നല്കിയിട്ടുണ്ട്.

2/21 ൽ മുൻകൂറായി തുക നല്കിയെങ്കിലും കെൽട്രോൺ നാളിതുവരെ (ഓഡിറ്റ് നടക്കുന്ന 8/21 വരെയും )കമ്പ്യൂട്ടറുകൾ സപ്ലൈ ചെയ്തിട്ടില്ല.കരാർ വയ്ക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിന്നും മുൻകൂർ നല്കിയതിനാൽ സമയബന്ധിതമായി സപ്ലൈ നടത്തുന്നതിന് കെൽട്രോണിനെ നിർബന്ധിതമാക്കാൻ കഴിയുന്നില്ല. കെൽട്രോൺ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

മേൽ കാരണത്താൽ ചെലവ് തുക 160516രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി 5 തീ 12/8/2021, മറുപടി ലഭ്യമാക്കിയില്ല)

## 1-56 ചെലവ് രേഖകൾ ഹാജരാക്കിയില്ല- 53585 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം- സെക്രട്ടറി
താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റിന്റെ ചെലവ് രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുകയായ 53585 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| പ്രോജക്റ്റ് | വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| 6/21- പദ്ധതി രൂപീകരണം,നിർവ്വഹണം,മോണിറ്ററിംഗ് | വിവരങ്ങൾ ലഭ്യമല്ല. ചെലവ് തുക ലഭിച്ചത് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ നിന്ന്. | | 53585 |

(ഓഡിറ്റ് എൻക്വയറി 5, തീ.12.08.21)

## 1-57 ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിലെ ഡെപ്പോസിറ്റ് വർക്കുകൾ- അപാകതകൾ- 1686389/- രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം-സെക്രട്ടറി
സർക്കാർ ഉത്തരവ് (കൈ)11/2018 ത.സ്വ.ഭ.വ തീ 29/1/2018 ഖണ്ഡിക 11.2 ഡി(ii) വിലെ നിർദ്ദേശപ്രകാരം നിർമാണ പ്രവൃത്തികൾക്ക് ഗ്രൌണ്ട് വാട്ടർ അതോറിറ്റിക്ക് എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവയുടെ അടിസ്ഥാനത്തിൽ കരാറിലേർപ്പെട്ടുകൊണ്ട് മുൻകൂർ തുക നല്കാവുന്നതാണ്. എന്നാൽ മേൽ നിർദ്ദേശത്തിന് വിരുദ്ധമായി ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് പണം കൈമാറിയിട്ടുണ്ട്.കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2267,2100കേരള പൊതുമരാമത്ത് ഡി കോഡ് ഖണ്ഡിക 167, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 194 എന്നിവ പ്രകാരം നിർദ്ദേശിച്ച രീതിയിൽ പണി പൂർത്തീകരിക്കുന്ന മുറക്ക് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് ചുമതലയുണ്ട്. മാത്രമല്ല പണി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ വിശദമായി ലഭ്യമാക്കാതെ മുൻകൂർ തുക വിനിയോഗിച്ചു എന്ന രീതിയിലുള്ള വിനിയോഗ സാക്ഷ്യപത്രമാണ് നിർവ്വഹണ ഏജൻസികൾ നല്കി വരുന്നത്. മേൽ പ്രകാരമുള്ള പൊതു അപാകതകളും മറ്റ് ന്യൂനതകളും കണ്ടെത്തിയ പ്രവൃത്തിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്റ്റ് | വൗച്ചർ | തീയ്യതി | തുക | ഓഡിറ്റ് നിരീക്ഷണം. |
|---|---|---|---|---|---|
| 1 | 17/21-കുറ്റിപ്പാടം കുടിവെള്ള പദ്ധതി എസ്റ്റിമേറ്റ് പ്രകാരമുള്ള അധിക തുക നൽകൽ | 22001106<br>22000351 | 17/8/20<br>12/4/20 | 217486<br>145401 | 1.DGT/4333/17തീ 4/12/19 നമ്പർ കത്ത് പ്രകാരം ഗ്രൗണ്ട് വാട്ടർ അതോറിറ്റി ആദ്യം ഡെപ്പോസിറ്റ് ചെയ്ത തുകയായ 3,00,000 രൂപക്ക് പുറമെ ബാക്കി ചെലവ് വന്ന 362887 രൂപ അടവാക്കാൻ നിർദ്ദേശിക്കുകയും തുക പഞ്ചായത്ത് അടക്കുകയും ചെയ്തു. പണി പൂർത്തിയായിട്ടും നാളിതുവരെ |

| | | | | | |
|---|---|---|---|---|---|
| | | | | | പൂർത്തീകരണ,ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭിച്ചില്ല.<br>2.ഗ്രൌണ്ട് വാട്ടർ അതോറിറ്റി ഹാജരാക്കിയ ഫൈനൽ ബിൽ പ്രകാരം 3.5% GST Compensation 20761 രൂപ ഈടാക്കിയിട്ടുണ്ട്.എന്നാൽ സ.ഉ (ആർ ടി)87/17 തീ 1.11.17 ത.സ്വ.ഭ.വ പ്രകാരം ഈ പ്രവൃത്തിക്ക് GST Compensation അനുവദിക്കേണ്ടതില്ല എന്ന് കാണുന്നു.ഇത് സംബന്ധിച്ച് ഗ്രൌണ്ട് വാട്ടർ അതോറിറ്റിയിൽ നിന്ന് വ്യക്തത വരുത്തേണ്ടതാണ്.<br>3.അധിക തുക നല്കുന്നതിന്പുതുക്കിയ എസ്റ്റിമേറ്റ്, സാങ്കേതികാനുമതി,, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 2 | 207/21-ആമ്പിപ്പാടം കുടിവെള്ള പദ്ധതി എസ്റ്റിമേറ്റ് പ്രകാരമുള്ള അധിക തുക അടവാക്കൽ | 22000354 | 12/4/20 | 290000 | 1.ഗ്രൌണ്ട് വാട്ടർ അതോറിറ്റിയുടെ കത്ത് പ്രകാരം ആദ്യം നിക്ഷേപിച്ച 1,10,000 രൂപയ്ക്ക് പുറമെ അധിക ചെലവ് വന്ന 2,90,000 രൂപ നിക്ഷേപിച്ചു.എന്നാൽ കരാർ ഇല്ല, പുതുക്കിയ സാങ്കേതികാനുമതി,, കൈപ്പറ്റ് രസീത് ഇല്ല. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി. |
| 3 | 240/21-ചേർപ്പും കുന്ന് മിനി കുടിവെള്ള പദ്ധതി | 22001112 | 27/5/20 | 70550 | ഗ്രൌണ്ട് വാട്ടർ അതോറിറ്റിയുമായി കരാർ ഇല്ല,സാങ്കേതികാനുമതി ഇല്ല, കൈപ്പറ്റ് രസീത് ഇല്ല. |
| 4 | 251/21-കുഞ്ഞുമാണിക്യൻ മൂല കുടിവെള്ള പദ്ധതി എസ്റ്റിമേറ്റ് അധിക തുക അടവാക്കൽ | 22001114 | 14/10/20 | 746752 | ഗ്രൌണ്ട് വാട്ടർ അതോറിറ്റിയുമായി കരാർ ഇല്ല, സാങ്കേതികാനുമതി ഇല്ല, കൈപ്പറ്റ് രസീത് ഇല്ല. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി. |
| 5 | 256/21-124ാം നമ്പർ അങ്കണവാടി കുടിവെള്ള പദ്ധതി | 22001430 | 27/2/21 | 49000 | ഗ്രൌണ്ട് വാട്ടർ അതോറിറ്റിയുമായി കരാർ ഇല്ല, സാങ്കേതികാനുമതി, കൈപ്പറ്റ് രസീത് ഇല്ല. പണി നാളിതു വരെ പൂർത്തിയായതിന്റെ സാക്ഷ്യപത്രം,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 6 | 153/21 ആൾച്ചിറ പാടം മിനി കുടിവെള്ള പദ്ധതി | 22001413 | 27/2/21 | 90,000 | ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുമായി കരാർ സാങ്കേതികാനുമതി, കൈപ്പറ്റ് രസീത്ഇല്ല. പണി നാളിതു വരെ പൂർത്തിയായതിന്റെ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| 7 | 209/21-99 ആം | 22001092 | 8/7/20 | 77200 | ഗ്രൌണ്ട് വാട്ടർ |

| | | | | | |
|---|---|---|---|---|---|
| | അങ്കണവാടിയിൽ കുഴൽ കിണർ നിർമാണം,മോട്ടോർ സ്ഥാപിക്കൽ | | | | അതോറിറ്റിയുമായി കരാർ ,സാങ്കേതികാനുമതി, കൈപ്പറ്റ് രസീത് ഇല്ല .പണി നാളിതു വരെ പൂർത്തിയായതിന്റെ സാക്ഷ്യപത്രം,ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല |
| | | | | | *ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത ക്ര.ന 2,4 എന്നിവ ഒഴികെയുള്ളവയുടെ തുക |
| | ആകെ | | | 1686389 | |

മേൽ ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നത് വരെ/അപാകതകൾ പരിഹരിക്കുന്നതു വരെ /പ്രവൃത്തി പൂർത്തീകരിക്കുന്നതു വരെ ക്രമനമ്പർ 2,4 ഒഴികെയുള്ളവയുടെ ചെലവ് തുക 482437 രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി 5 തീ 12/8/2021, മറുപടി ലഭ്യമാക്കിയില്ല)

## 1-58 വാട്ടർ അതോറിറ്റിയിലെ ഡെപ്പോസിറ്റ് വർക്കുകൾ- അപാകതകൾ- 2,30,000 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം-സെക്രട്ടറി

സർക്കാർ ഉത്തരവ് (കൈ)11/2018 ത.സ്വ.ഭ.വ തീ 29/1/2018 ഖണ്ഡിക 11.2 ഡി(ii) വിലെ നിർദ്ദേശപ്രകാരം നിർമാണ പ്രവൃത്തികൾക്ക് വാട്ടർ അതോറിറ്റിക്ക് എസ്റ്റിമേറ്റ് ,സാങ്കേതികാനുമതി എന്നിവയുടെ അടിസ്ഥാനത്തിൽ കരാറിലേർപ്പെട്ടുകൊണ്ട് മുൻകൂർ തുക നല്കാവുന്നതാണ്. എന്നാൽ മേൽ നിർദ്ദേശത്തിന് വിരുദ്ധമായി വാട്ടർ അതോറിറ്റിക്ക് പണം കൈമാറിയിട്ടുണ്ട്.കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2267,2100കേരള പൊതുമരാമത്ത് ഡി കോഡ് ഖണ്ഡിക 167,കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 194 എന്നിവ പ്രകാരം നിർദ്ദേശിച്ച രീതിയിൽ പണി പൂർത്തീകരിക്കുന്ന മുറക്ക് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് ചുമതലയുണ്ട്. മാത്രമല്ല പണി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ വിശദമായി ലഭ്യമാക്കാതെ മുൻകൂർ തുക വിനിയോഗിച്ചു എന്ന രീതിയിലുള്ള വിനിയോഗ സാക്ഷ്യപത്രമാണ് നിർവ്വഹണ ഏജൻസികൾ നല്കി വരുന്നത്.മേൽ പ്രകാരമുള്ള പൊതു അപാകതകളും മറ്റ് ന്യൂനതകളും കണ്ടെത്തിയ പ്രവൃത്തിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്റ്റ് | വൌച്ചർ | തീയ്യതി | തുക | ഓഡിറ്റ് നിരീക്ഷണം. |
|---|---|---|---|---|---|
| 1. | 151/21 ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 22001105 | 17/8/20 | 30000 | വാട്ടർ അതോറിറ്റിയുമായുള്ള കരാർ ,എസ്റ്റിമേറ്റ് സാങ്കേതികാനുമതി,കൈപ്പറ്റ് രസീത് ഇല്ല.പണി പൂർത്തീകരിച്ചിട്ടില്ല. |
| 2 | 211/21-മണിയൻകുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം | 22001120 | 11/11/20 | 200000 | കേരള വാട്ടർ അതോറിറ്റിയുമായി കരാർ ഇല്ല, സാങ്കേതികാനുമതി ഇല്ല, കൈപ്പറ്റ് രസീത് ഇല്ല |
| | | | | 2,30,000 | |

മേൽ ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നത് വരെ/അപാകതകൾ പരിഹരിക്കുന്നതു വരെ /പ്രവൃത്തി പൂർത്തീകരിക്കുന്നതുവരെ ചെലവ് തുക 2,30,000 രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി 5 തീ 12/8/2021, മറുപടി ലഭ്യമാക്കിയില്ല)

## 1-59 കെ.എസ്.ഇ.ബിയിലെ ഡെപ്പോസിറ്റ് വർക്കുകൾ- അപാകതകൾ

സർക്കാർ ഉത്തരവ് (കൈ)11/2018 ത.സ്വ.ഭ.വ തീ 29/1/2018 ഖണ്ഡിക 11.2 ഡി(ii) വിലെ നിർദ്ദേശപ്രകാരം നിർമാണ പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബിയുടെ എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവയുടെ അടിസ്ഥാനത്തിൽ കരാറിലേർപ്പെട്ടുകൊണ്ട് മുൻകൂർ തുക നല്കാവുന്നതാണ്. എന്നാൽ മേൽ നിർദ്ദേശത്തിന് വിരുദ്ധമായി കെ എസ് ഇ ബി ക്ക് പണം കൈമാറിയിട്ടുണ്ട്.കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2267,2100കേരള പൊതുമരാമത്ത് ഡി കോഡ് ഖണ്ഡിക 167,കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 194 എന്നിവ പ്രകാരം നിർദ്ദേശിച്ച രീതിയിൽ പണി പൂർത്തീകരിക്കുന്ന മുറക്ക് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് ചുമതലയുണ്ട്. മാത്രമല്ല പണി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ വിശദമായി ലഭ്യമാക്കാതെ മുൻകൂർ തുക വിനിയോഗിച്ചു എന്ന രീതിയിലുള്ള വിനിയോഗ സാക്ഷ്യപത്രമാണ് നിർവ്വഹണ ഏജൻസികൾ നല്കി വരുന്നത്.മേൽ പ്രകാരമുള്ള പൊതു അപാകതകളും മറ്റ് ന്യൂനതകളും കണ്ടെത്തിയ പ്രവൃത്തിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്റ്റ് | വൌച്ചർ | തീയ്യതി | തുക | ഓഡിറ്റ് നിരീക്ഷണം. |
|---|---|---|---|---|---|
| 1. | 27/21-സ്ട്രീറ്റ് ലൈൻ മെയിൻ എക്സ്റ്റൻഷൻ | 22001019 | 17/8/21 | 53178 | കെ എസ് ഇ ബിയുമായുള്ള കരാർ , സാങ്കേതികാനുമതി,കൈപ്പറ്റ് രസീത് എന്നിവ ഇല്ല. |

2021-22 വർഷം മേൽ പ്രവൃത്തികൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. ഭാവിയിൽ മേൽ പ്രകാരമുള്ള അപാകതകൾ ഒഴിവാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 5 തീ 12/8/2021, മറുപടി ലഭ്യമാക്കിയില്ല)

## 1-60 റെയിൽവേ ലീവ് ചാർജ്ജ് അടവാക്കൽ- തുക അടച്ചതിലെ ന്യൂനതകൾ-ചെലവ് തുക 298093 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്റ്റ് | വൗച്ചർ | ചെക്ക് നമ്പർ തീയ്യതി | തുക |
|---|---|---|---|
| 29/21- റെയിൽവേ ലീവ് ചാർജ്ജ് അടവാക്കൽ | 22000774 | 6133949 ;17-Nov-2020 | 298,093 |

പഞ്ചായത്തിന്റെ കുടിവെള്ള പദ്ധതിക്ക് വേണ്ടി റെയിൽവെ ലൈൻ അടിയിലൂടെ പൈപ്പ് ലൈൻ വലിച്ചതിന് 10 വർഷത്തേക്കുള്ള ചാർജ്ജ് ആണ് മേൽ പ്രകാരം പ്രോജക്റ്റ് വെച്ച് ദക്ഷിണ റെയിൽവേയ്ക്ക് നല്കിയിരിക്കുന്നത്. ദക്ഷിണ റെയിൽവെ, തിരുവനന്തപുരം കത്ത് No.V/W-73/Renewal Of Way Leave Charge Dt 14.02.20 കത്ത് പ്രകാരം ഡിമാന്റ് ചെയ്ത തുകയാണ് അടച്ചിരിക്കുന്നത്. ഈ തുക റെയിൽവേ കണക്കാക്കിയിരിക്കുന്നത് താഴെ ചേർത്തിരിക്കും പ്രകാരമാണ്.

| | |
|---|---|
| Way Leave Charge 2017-18 To 2026-27 | 250498 രൂപ |
| GST 18% | 45090 രൂപ |
| Cess | 2505 രൂപ |
| ആകെ | 298093 രൂപ |

ഓഡിറ്റ് നിരീക്ഷണങ്ങൾ

1.കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17)(ക്രമ 3,5) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. ("*(Pure Services (Excluding Works Contract Service Or Other Composite Supplies Involving Supply Of Any Goods ) Provided To The Central Government,State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution").* ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (Xi) പ്രകാരം കുടിവെള്ളം പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു.കുടിവെള്ളവുമായി ബന്ധപ്പെട്ടുള്ള ലീസ് ചാർജ്ജ് ആണ് മേൽ പ്രകാരം റെയിൽവേക്ക് അടവാക്കിയിരിക്കുന്നത്. ആയതിനാൽ ഈ ചാർജ്ജിന്മേൽ കേന്ദ്ര സംസ്ഥാന ജി.എസ്.ടി ,സെസ്സ് എന്നിവ അടവാക്കേണ്ടതില്ല. എന്നാൽ റെയിൽവേ നല്കിയ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ജി എസ് ടി ഉൾപ്പെടെ തുക അടച്ചതിനാൽ 47595 രൂപ പഞ്ചായത്തിന് നഷ്ടം സംഭവിച്ചു. റെയിൽവേ ജി എസ് ടി ഉൾപ്പെടെ തുക ഈടാക്കിയെങ്കിലും ജി.എസ്.ടി നിയമം 2017 വകുപ്പ് 31(2) പ്രകാരമുള്ള ഇൻവോയ്സ് പഞ്ചായത്തിന് നല്കിയിട്ടില്ല. റെയിൽവെ മേൽ പ്രകാരമുള്ള വിജ്ഞാപനത്തിന് വിരുദ്ധമായാണോ ജി.എസ്.ടി തുകയും സെസ്സും പിരിച്ചത് എന്ന് പരിശോധിച്ച് ഈ തുക തനത് ഫണ്ടിലേക്ക് തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2. 10 വർഷത്തേക്ക് കരാർ പുതുക്കുന്നതിന് തുക നല്കിയെങ്കിലും അതിന്റെ കരാറോ, രസീതോ മറ്റെന്തെങ്കിലും രേഖകളോ റെയിൽവെ നല്കിയിട്ടില്ല.

3.ഈ പൈപ്പ് ലൈൻ ഉപയോഗിച്ച് കുടിവെള്ള പദ്ധതി നിലവിലുണ്ടോ, അത് ഗുണഭോക്തൃസമിതിക്ക് ഏൽപ്പിച്ച് കൊടുത്തിട്ടുണ്ടോയെന്ന് വ്യക്തതയില്ല.

4 . ഈ തുക ബുക്ക് ചെയ്തിരിക്കുന്നത് "251600801 General Economic Services- Other Plan Expenditure-General" എന്ന ശീർഷകത്തിലാണ്. ഇത് 2017-18 മുതൽ 2026-27 വരെയുള്ള 10 വർഷത്തേക്കുള്ള പാട്ട വാടകയാണ്. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ 26/7/2011 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള അക്കൗണ്ടിംഗ് നയങ്ങൾ അനുസരിച്ച് അതാത് വർഷങ്ങളിലേക്കുള്ള ചെലവ് മാത്രം ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ഉൾപ്പെടുത്തിയാൽ മതിയാകും. ആയതിനാൽ 2017-18 മുതൽ 2019-20 വരെയുള്ള 3 വർഷത്തേക്ക് ആനുപാതികമായി ചെലവഴിച്ച തുക (298093*3/10) "2....Prior Period Items" എന്ന ശീർഷകത്തിലേക്കും 2020-21 ലേക്കുള്ള ചെലവായി (298093*1/10=)29809 രൂപയും 2021-22 മുതൽ 2026-27 വരെയുള്ള 6 വർഷത്തെ ചെലവ് (298093*6/10) "4....Prepaid Expenses" എന്ന ശീർഷകത്തിലുമാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്. ഓരോ വർഷവും (298093*1/10) അതാത് വർഷത്തേക്കുള്ള പാട്ട വാടക തുക "4....Prepaid Expenses" എന്ന ശീർഷകത്തിൽ നിന്നും അതാത് വർഷത്തെ ചെലവ് ശീർഷകത്തിലേക്ക് മാറ്റുകയും ചെയ്തുകൊണ്ട് ധനകാര്യ പത്രികകൾ കൃത്യമാക്കേണ്ടതും മുൻകൂർ അടവാക്കിയ തുക ബാലൻസ് ഷീറ്റിൽ തുടരുന്നുണ്ട് എന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

5.ഇതിൽ ജി.എസ്.ടി ഒഴികെയുള്ള തുക 250498 രൂപ പഞ്ചായത്ത് ഡയറക്ടറുടെ PAN/14808/2019-F2(DP) 8/1/21 പ്രകാരം ലെവൽക്രോസ് മെയിന്റനൻസ് ചാർജ് ഇനത്തിൽ തിരികെ ലഭിച്ചിട്ടുണ്ട്. (തീ 18/Mar/2021 രസീത് 120030900175). ഈ തുകയും ബാധ്യത ശീർഷകത്തിൽ വരവ് വെച്ചത് 2017-18 മുതൽ 2019-20 വരെയുള്ള 3 വർഷത്തേക്ക് ആനുപാതികമായി ലഭിച്ച തുക (250498*3/10) "2....Prior Period Items" എന്ന ശീർഷകത്തിലേക്കും 2020-21 ലേക്കുള്ള റവന്യൂ വരുമാനമായി (254098*1/10=)25049 രൂപയും 2021-22 മുതൽ 2026-27 വരെയുള്ള 6 വർഷത്തെ ചെലവ് (250498*6/10) "3....Grants And Contribution" എന്ന ശീർഷകത്തിൽ തുടരുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഓരോ വർഷവും (250498*1/10) അതാത് വർഷത്തേക്കുള്ള തുക "3....Grants And Contribution" എന്ന ശീർഷകത്തിൽ നിന്നും അതാത് വർഷത്തെ റവന്യൂ ശീർഷകത്തിലേക്ക് മാറ്റുകയും ചെയ്തുകൊണ്ട് ധനകാര്യ പത്രികകൾ കൃത്യമാക്കേണ്ടതും മുൻകൂർ അടവാക്കിയ തുക ബാലൻസ് ഷീറ്റിൽ തുടരുന്നുണ്ട് എന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

നീണ്ട കാലയളവിലേക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് പണം അടവാക്കുന്നത് വാർഷിക കണക്കിൽ തുടരുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനും അതിനനുസൃതമായി രജിസ്റ്ററുകൾ, ലെഡ്ജറുകൾ സൂക്ഷിക്കുന്നതിലൂടെയും തുക അടക്കുന്നതിലുള്ള ഇരട്ടിപ്പ് ഒഴിവാക്കുന്നതിനും ജീവനക്കാരുടെ സ്ഥലംമാറ്റം മുതലായവ സ്ഥാപനത്തിന്റെ തുടർച്ചയെ ബാധിക്കാതിരിക്കുന്നതിനും വാർഷികകണക്കുകൾ സ്ഥാപനത്തിന്റെ യഥാർത്ഥ ധനകാര്യ ചിത്രം വെളിവാക്കുന്നുണ്ട് എന്നുറപ്പാക്കുന്നതിനുമാണ് സങ്കീർണമെന്ന് തോന്നിക്കുമെങ്കിലും അക്കൗണ്ടിംഗ് തത്വങ്ങൾക്കും നയങ്ങൾക്കനുസൃതമായും മേൽ രീതിയിലുള്ള അക്കൌണ്ടിംഗ് ഓഡിറ്റിൽ ശുപാർശ ചെയ്യുന്നത്. മേൽ അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 298093 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 5തീയ്യതി 12/8/2021 മുഖേന ഈ വിവരം ശ്രദ്ധയിൽപ്പെടുത്തി, മറുപടി ലഭിച്ചില്ല.)

## 1-61 തെരുവുവിളക്ക് സാമഗ്രികൾ വാങ്ങലും പരിപാലനവും-തുക നല്കിയതിലെ അപാകതകൾ- ചെലവ് തുക 766720 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്റ്റ് | വൌച്ചർ | തീയ്യതി | തുക |
|---|---|---|---|
| | | | |
| 246/21 തെരുവുവിളക്ക് സാമഗ്രഹികൾ വാങ്ങലും പരിപാലനവും | 22001029<br>22001067 | 23/9/20<br>11/11/20 | 405540<br>361180 |

മേൽ പ്രോജക്റ്റ് പ്രകാരം തെരുവുവിളക്ക് മെയിന്റനൻസിന് ശ്രീ ഫ്രാങ്ക്ലിൻ സി തോമസ് ന് കരാർ നല്കിയിട്ടുണ്ട്.പ്രോജക്റ്റ് നടത്തിപ്പിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1.ധനകാര്യ വകുപ്പ് സർക്കുലർ നമ്പർ 18/2019/ധനം തീ 1/3/19 ഖണ്ഡിക 4 പ്രകാരം പൊതുമരാമത്ത് പണികൾ, സാധന ,സേവന വിതരണം എന്നിവയുള്ള ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് നിർബന്ധമായും ജി.എസ്.ടി രജിസ്റ്റ്രേഷൻ ആവശ്യമാണ്. എന്നാൽ ടെണ്ടർ നിബന്ധനകളിൽ ഇത് പഞ്ചായത്ത് ഉൾപ്പെടുത്തിയിട്ടില്ല.ശ്രീ ഫ്രാങ്ക്ളിൻ സി തോമസ് ന് ജി എസ് ടി രജിസ്റ്റ്രേഷൻ ഉള്ളതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

2.മേൽ സർക്കുലർ പ്രകാരം ടെണ്ടറിൽ പങ്കെടുക്കുന്നവർ ജി.എസ്.ടി ഉൾപ്പെടാതെയുള്ള നിരക്ക് ക്വാട്ട് ചെയ്യേണ്ടതും തുക നല്കുന്ന സമയത്ത് നിലവിലുള്ള ജി.എസ്.ടി പഞ്ചായത്ത് കരാറുകാർക്ക് നല്കുന്നതുമാണ്.എന്നാൽ പഞ്ചായത്തിന്റെ ടെണ്ടർ വ്യവസ്ഥകളിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ല.ശ്രീ .ഫ്രാങ്ക്ളിൻ സി തോമസ് എല്ലാ നികുതികളും ഉൾപ്പെടെയുള്ള നിരക്കാണ് ക്വാട്ട് ചെയ്തതെന്ന് കാണുന്നു.മാത്രമല്ല കരാറിലും ജി. എസ്. ടി യെ സംബന്ധിച്ച് പരാമർശമില്ല.

3.ശ്രീ ഫ്രാങ്ക്ളിൻ സി തോമസ് ന് ജി എസ് ടി രജിസ്റ്റ്രേഷൻ ഉണ്ടോയെന്ന് വ്യക്തമല്ല,സാധനങ്ങളും സേവനങ്ങളും സപ്ലൈ ചെയ്തതിന് ജി.എസ്.ടി നിയമം 2017 വകുപ്പ് 31 പ്രകാരമുള്ള നികുതി ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.

4.കരാർ തുക 2,50,000 രൂപയ്ക്ക് മുകളിൽ ആയിരിക്കെ ജി.എസ്.ടി നികുതി ഇൻവോയ്സ് ഇല്ലാത്തതിനാൽ തുക നല്കിയപ്പോൾ ജി എസ് ടി TDS നടത്തിയിട്ടില്ല.(ജി.എസ്.ടി നിയമം 2017 വകുപ്പ് 51)

5.കരാറുകാരന് തുക നൽകിയപ്പോൾ തൊഴിലാളി ക്ഷേമനിധിയിലേക്ക് തുക കുറവ്ചെയ്തില്ല

6.പാർട്ട് ബിൽ നല്കിയപ്പോൾ റീടെൻഷൻ തുക 10% കുറവ് ചെയ്തില്ല

7.തുക നല്കുന്നതിന് മുമ്പ് ഓരോ വാർഡ് തലത്തിലും ചെയ്ത പ്രവൃത്തി സംബന്ധിച്ച് റിപ്പോർട്ട് ക്രോഡീകരിച്ച് നല്കാനുള്ള തുക കണക്കാക്കിയ വർക് ഷീറ്റ് ഫയലിൽ ഇല്ല.

8.തെരുവുവിളക്കുകളെ സംബന്ധിക്കുന്ന രജിസ്റ്റർ ഇല്ലാതെയാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചത്

മേൽ പ്രകാരം സർക്കാർ നിർദ്ദേശം പാലിക്കാതെയും (ക്ര.ന 1,2)വിവിധ നിയമങ്ങൾ ലംഘിച്ചും (ക്ര.ന3,4,5)പ്രവൃത്തി നടത്തുന്നതിനാൽ ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരമുള്ള പിഴ ചുമത്തപ്പെടാൻ സാധ്യതയുണ്ട്.മാത്രമല്ല തുക നല്കുമ്പോൾ കൃത്യമായ വർക്ക് ഷീറ്റ് തയ്യാറാക്കാത്തതും റീടെൻഷൻ തുക ഈടാക്കാത്തതും പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്താനും സാധ്യതയുണ്ട്.മേൽ കാരണങ്ങളാൽ ചെലവ് തുക 766720 രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി 5തീയ്യതി 12/8/2021 മുഖേന ഈ വിവരം ശ്രദ്ധയിൽപ്പെടുത്തി, മറുപടി ലഭിച്ചില്ല.)

## 1-62 ലൈഫ് വായ്പ പദ്ധതി- ജനറൽ വിഭാഗത്തിന്റെ വായ്പ തിരിച്ചടവിലേക്ക് എസ് സി പി വിഹിതത്തിൽ നിന്നും റിക്കവറി

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്റ്റ് | ചെലവ് വിവരങ്ങൾ | തുക |
|---|---|---|
| 293/21,296/21 -ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി)<br>സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രോജക്റ്റ്.വികസനഫണ്ട് എസ് സി പിയിൽ നിന്ന് കുറവ് ചെയ്തത് | സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രോജക്റ്റ്.വികസനഫണ്ട് എസ് സി പിയിൽ നിന്ന് കുറവ് ചെയ്തത്.<br>42000267 തീ 31/3/21 | 1,31,804 |

ലൈഫ് പദ്ധതിക്കായി SCP ഇനത്തിൽ ഹഡ്കോ വായ്പയിൽ നിന്നും വിഹിതം വെച്ചതായോ തുക ചെലവഴിച്ചതായോ കാണുന്നില്ല (2017-18 മുതൽ 2019-20 വരെ). എസ് സി പി പ്രോജക്റ്റിൽ വായ്പ വിഹിതം ഇല്ലാത്തതിനാൽ പഞ്ചായത്തിന്റെ വികസന ഫണ്ട് എസ് സി പി ഇനത്തിൽ നിന്ന് വായ്പയിലേക്ക് തിരിച്ചടവിനുള്ള കിഴിവ് നടത്തിയ തുക തിരികെ ലഭിക്കുന്നതിന് ഈ വിവരം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 5 തീ 12/8/2021, മറുപടി ലഭ്യമാക്കിയില്ല)

## 1-63 തൊഴിൽ രഹിത വേതനം -ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ട് നമ്പർ ട്രഷറി ബില്ലിൽ ചേർത്തതിൽ വ്യത്യാസം.

നിർവ്വഹണം- സെക്രട്ടറി

താഴെചേർത്തിരിക്കുന്ന ഗുണഭോക്താക്കളുടെ അപേക്ഷ പ്രകാരമുള്ള ബാങ്ക് അക്കൌണ്ട് നമ്പരും തുക നല്കുന്നതിന് പഞ്ചായത്ത് ട്രഷറിയിൽ നല്കിയ ബില്ലിൽ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ട് നമ്പരും പൊരുത്തപ്പെടുന്നില്ല.ഗുണഭോക്താക്കൾക്ക് വേതനം ലഭിച്ചോ എന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

| ബില്ലിലെ ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | ബാങ്ക് | TR 59(E) പ്രകാരം ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ട് | ഗുണഭോക്താവിന്റെ അപേക്ഷ പ്രകാരമുള്ള ബാങ്ക് | തുക | ട്രഷറി ബിൽ നമ്പർ |
|---|---|---|---|---|---|---|

| | | | നമ്പർ | അക്കൌണ്ട് നമ്പർ | | |
|---|---|---|---|---|---|---|
| 8 | ടെൻസി തോമസ് | PNB | 4859000100031570 | 4859000100031573 | 720 | 15 തീ 27/8/2020 |
| 24 | സുജിത എൻ എസ് | IDBI | 1805104000015690 | 1805104000015695 | 720 | ,24,480 രൂപ |

(ഓഡിറ്റ് എൻക്വയറി 21 തീ 16/8/21, മറുപടി ലഭ്യമാക്കിയില്ല)

## 1-64 തൊഴിലുറപ്പ് പ്രവൃത്തികൾക്കായി മെറ്റീരിയൽ പർച്ചേസ് -രേഖകൾ ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്തിൽ ഇടെണ്ടർ No:B1/01/3627/2020/18.09.2020 പ്രകാരം 1903624 രൂപയ്ക്ക് തൊഴിലുറപ്പ് പ്രവൃത്തികൾക്കായി മെറ്റീരിയൽ പർച്ചേസ് നടത്തിയിട്ടുണ്ട്.ടോമി ഐ.കെ എന്ന കോൺട്രാക്ടറാണ് ടെണ്ടർ നേടിയത്. എഗ്രിമെന്റ് തീയതി-4.11.2020. പൂർത്തീകരിച്ച പ്രവൃത്തികളുടെ ഫയൽ ലഭ്യമാക്കിയത് പരിശോധിച്ചതിൽ കോൺട്രാക്ടറുടെ വിവരങ്ങൾ: തിരിച്ചറിയൽ രേഖ, ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ, GSTIN NO എന്നീ വിശദാംശങ്ങൾ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.വാങ്ങിയ മെറ്റീരിയലിന്റെ ഒറിജിനൽ Tax Invoice പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.തൊഴിലുറപ്പുപദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖയായ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല.ഓഡിറ്റ് എൻക്വയറിനം 32/ 18.7. 21ന് മറുപടി ലഭ്യമാക്കിയില്ല.മേൽപ്പറഞ്ഞ രേഖകൾ ഓഡിറ്റ് റിപ്പോർട്ടിന്റെ ആദ്യ മറുപടി യോടൊപ്പം ലഭ്യമാക്കേണ്ടതാണ്

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 മറ്റത്തൂർ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകിയ മരാമത്ത് പ്രവൃത്തികൾ - ടെൻഡർ ആനുകൂല്യം അനുവദിച്ചതിലെ അപാകത മൂലമുണ്ടായ നഷ്ടം - തുക 1,59,206 രൂപ നിരാകരിക്കുന്നു.

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിൽ പങ്കെടുക്കുന്ന ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്കുള്ള ആനുകൂല്യം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നടപ്പിൽ വരുത്തിക്കൊണ്ട് 11.8.2017 ൽ സ.ഉ (സാധാ) നം. 2780/2017 ത.സ്വ.ഭ.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.ആയതു പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി ലേബർ സഹകരണ സംഘങ്ങൾക്ക് ത.സ്വ.ഭ സ്ഥാപനങ്ങളിലെ ടെണ്ടർ വർക്കുകൾക്ക്, കുറഞ്ഞ നിരക്കുകൾ ക്വാട്ട് ചെയ്ത പ്രൈവറ്റ് കോൺട്രാക്ടറെക്കാൾ 10% അധികനിരക്കിന്റെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ടെണ്ടറിൽ പങ്കെടുത്ത് ഉത്തരവുപ്രകാരമുള്ള ആനുകൂല്യങ്ങൾ കൈപ്പറ്റിയ മറ്റത്തൂർ ലേബർ കോൺട്രാക്ട് സൊസൈറ്റിയും ചാലക്കുടി ലേബർ കോൺട്രാക്ട് സൊസൈറ്റിയും പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തിയിട്ടുണ്ട്. ഉത്തരവു പ്രകാരം ടെൻഡർ വർക്കുകൾക്ക് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത പ്രൈവറ്റ് കോൺട്രാക്ടറേക്കാൾ 10 ശതമാനം വരെ അധിക നിരക്കാണ് സൊസൈറ്റികൾക്ക് അനുവദനീയമായിട്ടുള്ളത്.എന്നാൽ പഞ്ചായത്തിൽ പ്രൈസ് പ്രിഫറൻസ് കണക്കാക്കി ടെണ്ടർ ടാബുലേഷൻ തയ്യാറാക്കിയതിൽ അപാകത സംഭവിച്ചിട്ടുണ്ട്. തത്ഫലമായി ഏറ്റവും കുറവ് ക്വോട്ട് ചെയ്ത ബിഡ്ഡറുടെ നിരക്ക്+10% തുക മറികടന്ന് സൊസൈറ്റികൾക്ക് വർക്ക് അനുവദിച്ചിട്ടുണ്ട്. അത്തരം സന്ദർഭത്തിൽ ലോവസ്റ്റ് ബിഡ്ഡർക്ക് വർക്ക് അനുവദിക്കുകയായിരുന്നു പഞ്ചായത്തിന് ലാഭകരം. ഫയൽ പരിശോധനയിൽ മറ്റത്തൂർ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അനുവദിച്ച താഴെ പരാമർശിച്ച 3 പ്രവൃത്തികളിൽപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ.നം | പ്രൊജക്ട് നം/പേര് | എസ്റ്റിമേറ്റ് PAC | കുറവ് തുക ക്വോട്ട് ചെയ്ത കോൺട്രാക്ടറുടെ പേര്-(L1)/തുക | പരമാവധി അനുവദിക്കാവുന്ന പ്രൈസ് പ്രിഫറൻസ് L1+10% | MLCS, മറ്റത്തൂർ ക്വാട്ട് ചെയ്ത തുക | L1+10% നേക്കാൾ അധികരിച്ച തുക |
|---|---|---|---|---|---|---|
| 1. | പനമ്പിള്ളി നഗർ റോഡ് ഡ്രൈനേജ് സൈഡ് പ്രൊട്ടക്ഷൻ,റീടാറിംഗ് വാർഡ് 3 | 535323 | 452973 ഐ.കെ ടോമി | 498270 | 505345 | 7075 |
| 2. | മുരിയാട് കപ്പാറ റോഡ് കാന നിർമ്മാണം വാർഡ് 6 | 642212.4 | 529646 റോജൊ ജോസ് | 582611 | 585057 | 2446 |
| 3. | അമ്പലനട ഉറവൻകാട് റോഡ് കാന നിർമ്മാണം | 589009 | 481334 ഐ.കെ | 529467 | 536588 | 7121 |

| | | | | | | |
|---|---|---|---|---|---|---|
| | വാർഡ് 13 | | ടോമി | | | |

മേൽപ്പറഞ്ഞ പ്രവൃത്തികളിലെ ഓരോ ഇനവുമെടുത്ത് താരതമ്യം നടത്തിയതിൽ 1,59,206 രൂപയുടെ നഷ്ടം ഉണ്ടായതായി ഓഡിറ്റ് കണ്ടെത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1.Project No:190/21 ,Panampilly Nagar Road Drainage, Side Protection, Re-Tarring Ward3

Fund:Maintenence Fund( Road) Consolidated -551060,Expenditure- 535523

Vr.No.22000364/12.4.2020,Amt:464970

Vr.No.22001100/11.5.2020,Amt:70553

Name Of Lowest Quoted Contractor(L1)-I.K Tomy,Rate Quoted-452973

Rate Quoted -By MLCS-505345

Agmt No.49/AE/LSGD/MYD/19-20 Dtd.26.09.19

M.Book 109/ 18-19

| Item No. | Estimate Items A | Estimate Rate B | Rate Quoted By L1 C | Rate Quoted By MLCS D | Actual Quantity Done As Per Mbook E | L1 Amt F C*E | MLCS Amt G D*E | Difference Amt G-H |
|---|---|---|---|---|---|---|---|---|
| | Retarring | | | | | | | |
| 1. | 75.5.5B2pb | 324.58/m | 280.43 | 324.58 | 22.56 | 6326.5 | 7322.52 | 996.02 |
| 2. | 75.5.2.1pb | 11.14/m | 9.62 | 11.14 | 442.70 | 4258.77 | 4931.68 | 672.91 |
| 3. | 75.5.9.1.2pb | 157.33/sq.m | 135.93 | 157.33 | 442.70 | 60176.21 | 69649.99 | 9473.78 |
| 4. | 75.5.12.A.3.2pb | 62.66/sq.m | 54.13 | 62.66 | 442.70 | 23963.35 | 27739.58 | 3776.23 |
| | Side Wall | Mord | Roads | | | | | |
| 1. | 3.5.1 | 228.52/cum | 197.44 | 225 | 6.30cum | 1243.87 | 1417.5 | 173.63 |
| 2. | Od 192284/2019-2020 | 2669.94/cum | 2308 | 2600 | 14.49cum | 33442.92 | 37674 | 4231.08 |
| 3. | 11.4.2.2 | 7014.70/cum | 6060.7 | 7000 | 0.84cum | 5090.99 | 5880 | 789.01 |
| | Drainage | In | Mord | Roads | | | | |
| 1. | 3.5.1 | 228.52/cum | 197 | 227 | 84.488cum | 16642.56 | 19178.776 | 2536.22 |
| 2. | 11.4.1.1 | 6974.53cum | 5900 | 6200 | 15.486cum | 91367.4 | 96013.2 | 4645.8 |
| 3. | Od192283/ 2019_2020 | 7282.94cum | 6200 | 6468.40 | 4.37cum | 27094 | 28266.91 | 1172.91 |
| 4. | 11.4.2.1 | 6849.39cum | 5700 | 6400 | 30.304 | 172732.8 | 193945.6 | 21212.8 |
| | | | Total | Work | Value | 442339 | 492020 | |
| | | | | Add | GST 12% | 53081 | 59042 | 5961 |
| | | | | | | Grand | Total | 55641.39 |

2.Project No:206/21(so),Muriyad-Kappara Road Drainage Consruction,Ward6

Fund:CFC Grant-67656 Expenditure-67656

Maintenence Fund( Road) Consolidated -585056,Expenditure- 385056

Total Consolidated-662123

Total Exependiture-452712

Vr.No.22000365/12.4.2020,Amt:343546(M.F.Road)

Vr.No.22001125/23.12.2020,Amt:67656(CFC)

Vr.No.22001417/22.1.2021,Amt:41510(M.F.Road)

Name Of Lowest Quoted Contractor(L1)-Rojo Jose,Rate Quoted-529646

Rate Quoted By MLCS-585057

Agmt No.46/AE/LSGD/MYD/19-20 Dtd.26.09.19

M.Book No:106/18-19

| Item No. | Estimate Items A | Estimate Rate B | Rate Quoted By L1 C | Rate Quoted By MLCS D | Actual Quantity Done As Per Mbook E | L1 Amt F C*E | MLCS Amt G D*E | Difference Amt G-H |
|---|---|---|---|---|---|---|---|---|
| | Drainage In | Mord Roads | | | | | | |
| | | | | | | | | |
| 1. | 3.5.1 | 228.52 | 188.46 | 228.45 | 67.282 | 12679.96 | 15370.57 | 2690.61 |
| 2. | 11.4.1.1 | 6974.53 | 5751.36 | 6207 | 11.233 | 64605.02 | 69723.23 | 5118.21 |
| 3. | Od 140963/2019_2020 | 7282.94 | 6011.18 | 6450 | 2.901 | 17438.43 | 18711.45 | 1273.02 |
| 4. | 11.4.3.1 | 7549.93 | 6226.42 | 6700 | 20.426 | 127180.85 | 136854.2 | 9673.35 |
| 5. | 11.4.2.1 | 6849.39 | 5648.69 | 6261 | 21.509 | 121497.67 | 134667.85 | 13170.18 |
| 6. | 11.4.4 | 7842.08 | 6467.52 | 6979 | 2.883 | 18645.86 | 20120.46 | 1474.6 |
| 7. | 11.8 | 67900.61 | 55997.63 | 67900.61 | 0.129 | 7223.69 | 8759.18 | 1535.49 |
| | | | Total | Work | Value | 369271.48 | 404206.94 | |
| | | | | Add | GST 12% | 44313 | 48505 | 4192 |
| | | | | | | Grand | Total | 39127 |

3.Project No:219/21(so),Ambalanada Thuravankadu Road Drainage Construction Ward13

Fund:Maintenence Fund( Road) Consolidated -600979,Expenditure- 600979

Vr.No.22001108/13.5.2020,Amt:365128

Vr.No.22001113/7.9.2020,Amt:235851

Name Of Lowest Quoted Contractor(L1)-I.K Tomy,Rate Quoted-481333.90
Agmt No.45/AE/LSGD/MYD/19-20 Dtd.26.09.19

Rate Quoted By MLCS-505345

M.Book No:275/17-18

| Item No. A | Estimate Items B | Estimate Rate C | Rate Quoted By L1 D | Rate Quoted By MLCS E | Actual Quantity Done As Per Mbook F | L1 Amt G D*F | MLCS Amt H E*F | Difference Amt H-F |
|---|---|---|---|---|---|---|---|---|
| | Drainage | In | Mord Roads | | | | | |
| 1. | 3.5.1 | 228.52cum | 188 | 227.93 | 124.04cum | 23319.52 | 28272.44 | 4952.92 |
| 2. | 11.4.1.1 | 6974.53cum | 5698 | 6224 | 20.98cum | 119544.04 | 130579.52 | 11035.48 |
| 3. | Od189815/2019_2020 | 7282.94cum | 5950 | 7000 | 6.10cum | 36295 | 42700 | 6405 |
| 4. | 11.4.2.1 | 6849.39cum | 5595 | 6200 | 45.16cum | 252670.2 | 279992 | 27321.8 |
| 5. | 11.4.4 | 7842.08cum | 6407 | 7842 | 1.317cum | 8438.019 | 10327.91 | 1889.89 |
| 6. | 11.8 | 67900.61/t | 55474 | 67900.61 | 0.196/t | 10872.9 | 13308.52 | 2435.62 |
| Extra Item | | | | | 4.74cum | | 6877.99 | |
| | | | Total | Value Of | Work Done | 451139.68 | 537782.15 | |
| | | | | Add | GST 12% | 54136.68 | 64533.86 | 10397 |
| | | | | | | Grand | Total | 64438 |

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.9/13-8-2021 ന് നൽകിയ മറുപടിയിൽ, ലേബർ സൊസൈറ്റി കൂടി പങ്കെടുത്ത ടെണ്ടറുകളിൽ കരാറുകാർ ക്വോട്ട് ചെയ്ത തുകയെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ശതമാനനിരക്കിലാക്കി ലോവസ്റ്റ് ബിഡ്ഡറും സൊസൈറ്റിയും തമ്മിലുള്ള വ്യത്യാസം 10% അധികരിക്കാതെ നോക്കിയാണ് സൊസൈറ്റിക്ക് വർക്ക് അനുവദിച്ചതെന്ന് അസി.എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് അസി.എഞ്ചിനീയർ പ്രൈസ് പ്രിഫറൻസ് കണക്കാക്കിയത്.11.8.2017ലെ ഉത്തരവിൽ "വ്യവസ്ഥകൾക്ക് വിധേയമായി സഹകരണ സംഘങ്ങൾക്ക് ത .സ്വ.ഭ സ്ഥാപനങ്ങളിലെ ടെണ്ടർ വർക്കുകൾക്ക് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത പ്രൈവറ്റ് കോൺട്രാക്ടറേക്കാൾ 10% അധിക നിരക്ക് അനുവദിച്ച് ഉത്തരവാകുന്നു"എന്നാണ് പറഞ്ഞിട്ടുള്ളത്. 11.8.2017ലെ ഉത്തരവിന് ആധാരമായ 13.11.1997 ലെ GO(MS) No.135/97/Co-op ഉത്തരവ് ഖണ്ഡിക 8(b)(i) പറയുന്നത് When The Lowest Tender Is From A Private Contractor, Labour Contract Co-operative Society Will Be Awarded The Work At 10% Above The Lowest Tender ,if The Society Is Willing To Do The Work എന്നാണ്.അതായത് പ്രൈവറ്റ് കോൺട്രാക്ടർ ക്വാട്ട് ചെയ്തത് തുകയിലായാലും ശതമാന നിരക്കിലായാലും ഏറ്റവും കുറഞ്ഞതിനേക്കാൾ 10% അധികം വരെ സൊസൈറ്റികൾക്ക് അനുവദിക്കാമെന്നാണ്; പകരം അസി.എഞ്ചിനീയർ സ്വീകരിച്ച രീതിയല്ല. ഏറ്റവും കുറവ് ക്വോട്ട് ചെയ്ത കോൺട്രാക്ടറുടെ തുകയെ/നിരക്കിനെ അടിസ്ഥാനമാക്കിയാണ് പ്രൈസ് പ്രിഫറൻസ് കണക്കാക്കേണ്ടത്. എൻക്വയറി നം. 23 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ രണ്ട് ഉത്തരവുകളിൽ പ്രൈസ് പ്രിഫറൻസ് കണക്കാക്കേണ്ടത് ശതമാന നിരക്കിലാണോ അതോ തുകയുടെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തത ഉണ്ടായിരുന്നില്ലെന്ന് അസി.എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്. അവ്യക്തത ഉള്ള പക്ഷം എൽ.എസ്.ജി.ഡി എക്സി.എഞ്ചിനീയറുമായി ബന്ധപ്പെട്ട് സ്പഷ്ടീകരണം തേടാമായിരുന്നു. രണ്ട് ഉത്തരവുകളിലും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കോൺട്രാക്ടറുടെ നിരക്ക് അല്ലെങ്കിൽ തുക ആയതിന്റെ 10% എന്ന് സ്പഷ്ടമാക്കിയിട്ടുണ്ട്. അപാകത സംഭവിച്ച 3വർക്കുകളിലും കോൺട്രാക്ടർമാർ തുകയാണ് ക്വോട്ട് ചെയ്തിരിക്കുന്നത്. അതിനെ ശതമാന നിരക്കിലാക്കി അവ തമ്മിലുള്ള വ്യത്യാസമാണ് പ്രൈസ് പ്രിഫറൻസിന് പരിഗണിക്കേണ്ടതെന്ന് പ്രസ്തുത ഉത്തരവുകളിൽ എവിടെയും നിർദ്ദേശമില്ല എന്നത് അസി.എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

GO(MS)No.41/2020/19.03.2020 ഉത്തരവിലെ ഖണ്ഡിക 2 എൻക്വയറി നം.23 ൽ പരാമർശിച്ചിരുന്നു. “The Approved Labour Contract Socities,depending Upon The Classof Registration,participating In The Tenders Floated By Government Will Be Eligible For A Price Preference Upto @10% Over The Quoted Amount Of The Lowest Bidder In The Matter Of Deciding The Successful Lowest Bidder” എന്ന നിബന്ധന ടെണ്ടർ വർക്കുകളുടെ സുതാര്യത വർദ്ധിപ്പിക്കുന്നതിനായി ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തണം എന്നാണ് പ്രസ്തുത ഉത്തരവ് പറയുന്നത്. അപാകത സംഭവിച്ച 3വർക്കുകളും മേൽ ഉത്തരവ് തീയതിക്കുമുൻപാണ് എഗ്രിമെന്റ് വെച്ചതെന്ന് അസി.എഞ്ചിനീയർ മറുപടിയിൽ പറയുന്നു. ഓഡിറ്റ് കണ്ടെത്തലിന് ഉപോൽബലകമായാണ് പ്രസ്തുത ഉത്തരവ് ഓഡിറ്റ് എക്വയറിയിൽ പരാമർശിച്ചത്; അല്ലാതെ പ്രൈസ് പ്രിഫറൻസ് കണക്കാക്കിയതിൽ സംഭവിച്ച അപാകതയും ഉത്തരവുമായി നേരിട്ട് ബന്ധപ്പെടുത്തിയിട്ടില്ല. 19.3.2020 ന ശേഷം നടന്ന ടെണ്ടറുകളിൽ മേൽ വ്യവസ്ഥ അസി.എഞ്ചിനീയർ നോട്ടിഫിക്കേഷനിൽ ഉൾപ്പെത്തിയിട്ടില്ല എന്ന വിവരം അസി.എഞ്ചിനീയറുടെ ശ്രദ്ധയിൽ പെടുത്തുന്നു.(ഖ.കാണുക)

മേൽ വിവരിച്ച കാരണങ്ങളാൽ എസ്റ്റിമേറ്റ് തുകയുടെ അടിസ്ഥാനത്തിൽ പ്രൈസ് പ്രിഫറൻസ് കണക്കാക്കി നടത്തിയ ടാബുലേഷനെ ന്യായീകരിച്ചുകൊണ്ടുള്ള അസി.എൻജിനീയറുടെ മറുപടി അംഗീകരിക്കാൻ കഴിയില്ല. മേൽപട്ടിക പ്രകാരം അധികം നൽകിയതായി കണക്കാക്കിയ ആകെ തുക(55641+39127+64438=1,59,206 രൂപ)നിരാകരിക്കുന്നു. ഓഡിറ്റിൽ നിരാകരിച്ച തുക പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ ടാബുലേഷൻ നടത്തി ഭരണസമിതി അംഗീകാരത്തിനു നൽകിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.9/13-8-2021 ,നം23/18-8-2021)

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം (തൻവർഷത്തെ മാത്രം)

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1260000 | ലൈഫ് മിഷൻ ഭവന നിർമ്മാണം-എസ് സി | 1260000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ലൈഫ് മിഷൻ ഭവന നിർമ്മാണം-ജനറൽ | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 811764 | ലൈഫ് മിഷൻ മൂന്നാം ഘട്ടം-ഭൂരഹിത ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങൽ എസ് സി | 811764 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 4,00,000 | നെൽക്കൃഷിയ്ക്ക് കൂലിച്ചെലവ് | 4,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 4,38,367 | ലൈഫ് മിഷൻ മൂന്നാം ഘട്ടം-ഭൂരഹിത ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങൽ -ജനറൽ | 4,38,367 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 278554 | അംഗനവാടി അനുപൂരക പോഷകാഹാര പദ്ധതി-ജനറൽ | 278554 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | അഗതിരഹിത കേരളം-ഭവന നിർമ്മാണം(എസ് സി) | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 4,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന | 4,00,000 | 0 |

| | | | | |
|---|---|---|---|---|
| | | കുട്ടികൾക്കുള്ള സ്കോളർഷിപ്പ്,ബത്ത നൽകൽ | | |
| ബ്ലോക്ക് പഞ്ചായത്ത് | 1,90,320 | ലൈഫ് മിഷൻ ഭവന നിർമ്മാണം- | 1,90,320 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 3,00,000 | ക്ഷീര സംഘങ്ങളിൽ പാലളക്കുന്നവർക്ക് പാലിന് സബ് സിഡി | 3,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 156250 | കന്നുകുട്ടി പരിപാലനം വനിത | 156250 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 25000 | ലൈഫ് മിഷൻ മൂന്നാം ഘട്ടം-ഭൂരഹിത ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങൽ -എസ് സി | 25000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 50,000 | വാഴക്കൃഷി തരിശ് | 50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 75,000 | പച്ചക്കറി വികസനം | 75,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 30,000 | തരിശ് നിലത്തിൽ നെൽക്കൃഷി | 30,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 20,000 | തരിശ് നിലത്തിൽ കിഴങ്ങ് വർഗ്ഗ കൃഷി | 20,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 10,000 | തരിശ് നിലത്തിൽ പയർ വർഗ്ഗ കൃഷി | 10,000 | 0 |
| ജില്ലാ പഞ്ചായത്ത് | 1,00,000 | ലൈഫ് മിഷൻ ഭവന നിർമ്മാണം-എസ് സി | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2,00,000 | ലൈഫ് മിഷൻ മൂന്നാം ഘട്ടം-ഭൂരഹിത ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങൽ -ജനറൽ | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 400000 | ലൈഫ് മിഷൻ ഭവന നിർമ്മാണം-ജനറൽ | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 260000 | ലൈഫ് മിഷൻ പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം-ജനറൽ | 260000 | 0 |
| ജില്ലാ പഞ്ചായത്ത് | 393086 | നെൽക്കൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി | 393086 | 0 |
| ജില്ലാ പഞ്ചായത്ത് | 5,00,000 | നെൽക്കൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി | 5,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 4,50,000 | മിനി മാസ്റ്റ് സ്ഥാപിക്കൽ | 4,50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2,20,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്,ബത്ത നൽകൽ | 2,20,000 | 0 |
| ജില്ലാ പഞ്ചായത്ത് | 4,00,000 | അങ്കണവാടി ന്യൂട്രീഷൻ-ജനറൽ | 4,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 3,50,000 | ശാരീരിക വെല്ലുവിളി ഉള്ളവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ | 3,50,000 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 3,00,000 | ക്ഷീര സംഘങ്ങളിൽ പാലളക്കുന്നവർക്ക് പാലിന് സബ് സിഡി | 3,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 80,000 | ആശ്രയ ഭവന നിർമ്മാണം-ജനറൽ(അഗതിരഹിത കേരളം) | 80,000 | 0 |
| ജില്ലാ പഞ്ചായത്ത് | 1,60,000 | തരിശ് നിലത്തിൽ നെൽക്കൃഷി | 1,60,000 | 0 |
| ജില്ലാ പഞ്ചായത്ത് | 97,865 | വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യ കൃഷി | 97,865 | 0 |
| ജില്ലാ പഞ്ചായത്ത് | 14,354 | തരിശ് നിലത്തിൽ കിഴങ്ങ് വർഗ്ഗ കൃഷി | 14,354 | 0 |

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (തൻവർഷത്തെ മാത്രം)

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | കുറ്റിപ്പാടം കുടിവെള്ള പദ്ധതി-എസ്റ്റിമേറ്റ് പ്രകാരമുള്ള അധിക തുക അടവാക്കൽ | 22001106 | 2,17,486 | 0 |
| ഭൂജല വകുപ്പ് | പൊതുമ്പചിറപാടം കുടിവെള്ള പദ്ധതി-എസ്റ്റിമേറ്റ് പ്രകാരമുള്ള അധിക തുക അടവാക്കൽ | 22001115 | 2,50,000 | 0 |
| ഭൂജല വകുപ്പ് | വെള്ളിലംകുന്ന് കുടിവെള്ള പദ്ധതി | 22001412 | 90,000 | 0 |
| ഭൂജല വകുപ്പ് | ആൾച്ചിറപ്പാടം മിനി കുടിവെള്ള പദ്ധതി | 22001413 | 90,000 | 0 |
| ഭൂജല വകുപ്പ് | കുഞ്ഞിമാണിക്യൻ മൂല കുടിവെള്ള പദ്ധതി-എസ്റ്റിമേറ്റ് പ്രകാരമുള്ള അധിക തുക അടവാക്കൽ | 22001114 | 7,46,752 | 0 |
| ഭൂജല വകുപ്പ് | 124 അംഗണവാടി-കുടിവെള്ള പദ്ധതി | 22001430 | 49,000 | 0 |
| ഭൂജല വകുപ്പ് | ആമ്പിപ്പാടം കുടിവെള്ള പദ്ധതി-എസ്റ്റിമേറ്റ് പ്രകാരമുള്ള അധിക തുക അടവാക്കൽ | 22000354 | 2,90,000 | 0 |
| ഭൂജല വകുപ്പ് | കുറ്റിപ്പാടം കുടിവെള്ള പദ്ധതി-എസ്റ്റിമേറ്റ് പ്രകാരമുള്ള അധിക തുക അടവാക്കൽ | 22000351 | 1,45,401 | 0 |
| ഭൂജല വകുപ്പ് | 99ാം നമ്പർ അംഗണവാടിയിൽ കുഴൽ കിണർ നിർമ്മാണം,മോട്ടോർ സ്ഥാപിയ്ക്കൽ | 22001092 | 77,200 | 0 |
| ഭൂജല വകുപ്പ് | ചേർപ്പുംകുന്ന് മിനി കുടിവെള്ള പദ്ധതി-കുഴൽ കിണർ | 22001112 | 70,550 | 0 |

| | | | | |
|---|---|---|---|---|
| | നിർമ്മാണം, മോട്ടോർ സ്ഥാപിയ്ക്കൽ | | | |
| ഭൂജല വകുപ്പ് | മണിയൻകുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം | 22000998 | 2,00,000 | |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 22001019 | 53178 | 0 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 22001105 | 30000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് ലോൺ | | 1160000 | 5567059+49680 തൻവർഷം എടുത്ത വായ്പ | 848784 | | 4767955 |

## 4-5 സ്ഥിര നിക്ഷേപം

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 4500രൂപയുടെ നിക്ഷേപം കാണുന്നുണ്ട്. എങ്കിലും ഇൻവെസ്റ്റ്മെന്റുകളുടെ വിശദവിവരം, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സ്ഥിര നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.2 | 2016-17 | 2.2 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാത്തത് സംബന്ധിച്ച് | ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 9,31,63,650 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 9,56,21,882 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,59,206 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5168672 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 1-48 | | 1,59,206 | നിലൂഫർ എം ഭാനു,<br>അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും,<br>ഉദ്യോഗപ്പേരും |
|---|---|---|
| 1-39 | 2,19,705 | ശ്രീ.മനോജ് ടി ജെ ,<br>അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-40 | 6,21,100 | ശ്രീമതി.ശ്രീകല ടി എസ്, ഹെഡ്മിസ്ട്രസ്സ്,<br>ജിയുപിഎസ് ആനന്ദപുരം |
| 1-41 | 40,469 | ഡോ. സിനി രമ്യ,<br>മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-42 | 2,00,000 | ,, |
| 1-43 | 56,914 | ഡോ.ഷീജ സി യു,<br>മെഡിക്കൽ ഓഫീസർ ആയുർവേദം |
| 1-44 | 580181 | ഡോ ദീപ ടി ബി,<br>അസിസ്റ്റന്റ് സർജൻ, പിഎച്ച്സി |
| 1-52 | 2,55,000 | ഡോ ദീപ ടി ബി,<br>അസിസ്റ്റന്റ് സർജൻ, പിഎച്ച്സി |
| 1-55 | 1,60,516 | ശ്രീ.പ്രജീഷ് പി, സെക്രട്ടറി |
| 1-56 | 53,585 | ,, |
| 1-57 | 1686389 | ,, |
| 1-58 | 2,30,000 | ,, |
| 1-60 | 2,98,093 | |
| 1-61 | 7,66,720 | ,, |
| ആകെ | 5168672 | ,, |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.നിലൂഫർ എം ഭാനു, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കാട്ടുകുറ്റി ഗ്രാമ പഞ്ചായത്ത് | വെട്ടുക്കൽ ഹൗസ്, മറ്റത്തൂർക്കുന്ന് പി ഒ |
| ശ്രീ.മനോജ് ടി ജെ,അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ് | അക്കൗണ്ടന്റ്, മറ്റത്തൂർ ഗ്രാമ പഞ്ചായത്ത് | കൊടകരക്കാരൻ ഹൗസ്, കോടാലി പി ഒ |
| ശ്രീമതി.ശ്രീകല ടി എസ്,ഹെഡ്മിസ്ട്രസ്സ്,ജിയുപിഎസ് ആനന്ദപുരം | ഹെഡ്മിസ്ട്രസ്സ്, ജിയുപിഎസ്, ആനന്ദപുരം | കണ്ടൻകാട്ടിൽ ഹൗസ്, പൊറത്തിശ്ശേരി, ഇരിഞ്ഞാലക്കുട |
| ഡോ. സിനി രമ്യ,മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ,പുത്തൻച്ചിറ ഡിസ്പെൻസറി | കാരണയിൽ ഹൗസ്,ഇരിഞ്ഞാലക്കുട |
| ഡോ.ഷീജ സി യു, മെഡിക്കൽ ഓഫീസർ ആയുർവേദം | മെഡിക്കൽ ഓഫീസർ ആയുർവേദം,മുരിയാട് ഗ്രാമ പഞ്ചായത്ത് | പള്ളിവളപ്പിൽ ഹൗസ്, അളഗപ്പനഗർ പി ഒ |

| | | |
|---|---|---|
| ഡോ ദീപ ടി ബി,അസിസ്റ്റന്റ് സർജൻ,പിഎച്ച്സി | സൂപ്രണ്ട്, മുരിയാട് പിഎച്ച്സി | തുള്ളക്കാരൻ ഹൗസ്,പുതുക്കാട് പി ഒ |
| ശ്രീ.പ്രജീഷ് പി,സെക്രട്ടറി | സെക്രട്ടറി,മുരിയാട് ഗ്രാമ പഞ്ചായത്ത് | പരിയാടത്ത് ഹൗസ്,നടവരമ്പ് പി ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1994-95<br>1995-96 | കെ.എസ്.എ.ടി.എസ്.ആർ.പി.7-260/16 തീയ്യതി 27.2.2016/4.5.2016 ലെ ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 96-97 | |
| 97-98 | |
| 98-99 | |
| 99-00 | |
| 00-01 | എൽ.എഫ്.ടി.9-194/04/11.3.04 |
| 01-02 | എൽ.എഫ്.ടി.9-1645/04/1.3.05/7.7.05 |
| 00-01, 01-02 | എൽ.എഫ്.ടി.9-1730/03/20.2.04 |
| 02-03 | എൽ.എഫ്.ടി.16-1070/05/5.4.06 |
| 03-04 | എൽ.എഫ്.ടി.16-1894/06/8.2.07 |
| 04-05 | എൽ.എഫ്.ടി.16-63/09/15.12.09 |
| 05-06 | എൽ.എഫ്.ടി.16-1764/09/21.12.10 |
| 06-07 | എൽ.എഫ്.ടി.16-1765/09/21.12.10 |
| 07-08 | എൽ.എഫ്.ടി.പി.3-1919/11/25.2.12 |
| 08-09 | എൽ.എഫ്.ടി.പി.3-1913/11/25.2.12 |
| 09-10, 10-11 | എൽ.എഫ്.ടി.പി.3-1641/2012/05.3.13 |
| 11-12 | എൽ.എഫ്.ടി.പി.7-971/2013/22.11.13 |
| 12-13 | എൽ.എഫ്.ടി.പി.7-380/14/16.9.14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ പി7- 1273/15/ 4.11.15/16.11.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ പി7-998/16/23.06.2016 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ പി7-1734/16 തി.22.11.16 |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ പി7-1644/17 തി.24.11.17/7.02.17 |
| 17-18 | കെ.എസ്.എ.ടി.എസ്.ആർ പി7-445/19 തി.03.04.2019 |
| 18-19 | കെ.എസ്.എ.ടി.എസ്.ആർ പി7-445/19 തി.03.04.2019 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ പി8-1240/21 തീ. |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്